സെന്റ് ജോർജ്ജസ്ഹൈസ്ക്കൂൾ
ആരക്കുന്നം

# ജ്വാല



# സമർപ്പണം

......എന്നിലുള്ളതെല്ലാം പത്തരമാറ്റാക്കിയ
എന്റെ വിദ്യാലയത്തിന്.......



# എഡിറ്റോറിയൽ

... ആകാശത്തോളം ഉയർന്ന ജ്വാല ...
എന്റെ ഉള്ളിൽ കെടാതെ കിടന്ന
ഭാവനയുടെ തീക്ഷ്ണതയുള്ള കനൽ
പച്ചപ്പ് നിറഞ്ഞ ഈ ചുറ്റുപാടിൽ
നനഞ്ഞ മണ്ണിലൂടെ നടന്ന്
ഞാൻ കണ്ടെത്തിയ സത്യം....
സ്നേഹം....
പ്രതീക്ഷ....
സ്വപ്നങ്ങൾ....
എന്റെ ഉള്ളിൽ നിറഞ്ഞ് പെയ്ത അഗ്നിയുടെ ഇനിയും
കെടാത്ത കനൽ കട്ടകൾ ആകാശം തൊട്ടിരുന്നു........
ഇവിടെ ഞാൻ ചേർത്ത് പിടിച്ച കൈകൾ ഒരു പ്രളയത്തിനും വിട്ട്
കൊടുക്കില്ലെന്നുറച്ച് ... അതിജീവനത്തിന്റെ കരുത്തുനൽകിയ
ഇന്നലെകൾക്ക്....
ഞങ്ങൾ കൊടുത്ത വാക്ക്.......
ജ്വാലയായ്......ഉയരട്ടെ......



ശ്രീലക്ഷ്മി . എം .പി
എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

അഭിനന്ദന. പി. എം

ബിസ്സ. ബെന്നി

എസ് .ദേവിജ

ഭദ്ര .പി .എസ്

അഭിനന്ദ് .എസ് .പാലാത്ത്

ഗൗരിനന്ദന

ജിൻസി .സാജൻ

അലീന  ജോർജ്

അഞ്ജന .പി.എം

# മാർഗ്ഗനിർദ്ദേശം

ഡെയ്സി വർഗ്ഗീസ് (SITC&കൈറ്റ് മിസ്സ്ട്രസ്)

മഞ്ജു. കെ .ചെറിയാൻ (കൈറ്റ് മിസ്സ്ട്രസ്)




പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ


## സന്ദേശം

ആരക്കുന്നം സെന്റ് ജോർജസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

സുദീർഘമായ പ്രവർത്തന കാലയളവിൽ അഭിമാനാർഹമായ പുരോഗതി കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു എന്നുള്ളത് വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ആത്മാർത്ഥമായ പ്രവർത്തനങ്ങളുടെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. സ്കൂളിന്റെ ചരിത്രം പുതുതലമുറക്ക് പരിചയപ്പെടുത്താനും പൂർവ്വ വിദ്യാർത്ഥികൾക്ക് ഓർമ്മകൾ പങ്കുവെക്കാനും ഈ ഡിജിറ്റൽ മാഗസിൻ സഹായകരമാവട്ടെ എന്നാശംസിക്കുന്നു.

ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു..

സി.രവീന്ദ്രനാഥ്

ഹെഡ് മിസ്ട്രസ്സ്
സെന്റ് ജോർജസ് ഹൈസ്കൂൾ
ആരക്കുന്നം
stgeorgeshighschool@gmail.com


ഓഫീസ് : മൂന്നാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487-2383229
മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org
ഇ-മെയിൽ : min.ednoffice@gmail.com

# സന്ദേശം



സി കെ റെജി
മാനേജർ

ആരക്കുന്നം സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി വലിയപള്ളി വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ 117 വർഷമായി പ്രവർത്തിച്ചുവരുന്ന സെന്റ് ജോർജസ് ഹൈസ്കൂൾ ജ്വാല എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷവും അഭിമാനവും ഉണ്ട് പാഠ്യപാഠ്യേതര രംഗത്തു സമാനതകളില്ലാതെ മാതൃകാപരമായി പ്രവർത്തിച്ചു അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുതിക്കുന്ന സ്കൂളിനെ സംബന്ധിച്ചു ഇത് ഒരു വലിയ നേട്ടമാണ് വിവര സാങ്കേതിക രംഗത്തു ഉണ്ടായ വളർച്ച പരമാവധി പ്രയോജനപ്പെടുത്താൻ പുതുതായി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബിന് സാധിക്കും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നല്ല സാഹിത്യസൃഷ്ടികളും സ്കൂളിൽ നടക്കുന്ന നല്ല പ്രവർത്തനങ്ങളും ഭാവികാലത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്താൻ കഴിയുംവിധം ഈ മാഗസിൻ പ്രയോജനകരമാകട്ടെ എന്ന് ആശംസിക്കുന്നു പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും ആത്മാർഥമായി അഭിനന്ദിക്കുന്നു.



ആരക്കുന്നം സെന്റ് ജോർജ്ജസ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ **ജ്വാല** എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുകയാണ് എന്നറിഞ്ഞതിൽ സന്തോഷമുണ്ട് .ഇതിൽ പങ്കാളികളായ വിദ്യാർത്ഥികളെയും അധ്യാപകരേയും ഞാൻ അദിനന്ദിക്കുന്നു .ഈ ഡിജിറ്റൽ മാഗസിൻ ഒരു വൻ വിജയമാകട്ടെ എന്നാശംസിക്കുന്നു .

പ്രീത ജോസ് സി
ഹെഡ്മിസ്സ്ട്രസ്

# ഉൾത്താളുകൾ


1. ഗണിതശാസ്ത്ര ക്വിസ്
2. സംഖ്യാ പിരമിഡ്
3.പൂജ്യത്തിന്റെ കഥ
4. സൗഹൃദം
5. ആര്യഭടൻ
6. ഥേൽസ്
7. കരകാണാതെ കേരളീയർ
8. ഹിമം
9. തെംസ്നദിയോട്(കവിത)
10. എന്റെ അമ്മ
11. എന്റെ അനുഭവക്കുറിപ്പ്
12. കേരളം കണ്ട പ്രളയം
13. പെരുമഴക്കാലം
14. തുടിതാളം തേടി
15. സാക്ഷിയായ് കേരളം
16. നഗരത്തിൽ ഒരു യക്ഷൻ
17. എൻ വിദ്യാലയം
18. പരുന്ത് പറ്റിച്ചു
19. എന്റെ കലാലയ ജീവിതം
20. ബുദ്ധിമാനായ ബീർബൽ
21. മെൻഡേലിയേഫിന്റെ കഥ
22. മുയലുകളുടെ തീരുമാനം
23. എന്റെ മണിമുത്തുകൾ

24. മഴച്ചൊല്ലുകൾ
25. പ്രഭാതം
26. നാടൻ പാനീയങ്ങൾ
27. എന്റെ കേരളം
28. നമുക്ക് അമ്മ മാതൃഭാഷ തന്നെ
29. മാതൃത്വം
30. അമ്മ പഠിപ്പിച്ചവ
31. തെംസ്നദിയോട്
32. അച്ചടക്കത്തോടെ ഒന്നിച്ച്
33. എനിക്കായൊരിടം
34. സ്നേഹസ്പർശം
35. വീണ്ടും ഒരു ദർശനം
36. വേദന
37. മറന്നുവെച്ച ബാല്യം
38. എന്റേതു മാത്രം നീ
39. വെളിച്ചം
40. ജീവിതമാകുന്ന യാത്ര
41. ഹരിതസേന
42. ആധുനിക ലോകത്തിൽ മാധ്യമങ്ങളുടെ സ്വാധീനം
43. എന്റെ സെന്റ് ജോർജ്ജ്

## പ്രതിഭാസംഗമത്തോടെ മികച്ചതുടക്കം




പ്രവേശനോത്സവം 2018 - 19

# ഗണിതശാസ്ത്രം ക്വിസ്



അഭിനന്ദ് . എസ്

9 B

1 ജ്യാമിതി എന്ന ശാഖ ഉണ്ടായതെപ്പോൾ?

ഉ: കൃഷിസ്ഥലങ്ങൾ അളന്ന് വിഭജിക്കേണ്ടി വന്നപ്പോൾ ഉരുതിരിഞ്ഞശാസ്ത്രശാഖ.

2 ഗണിതശാസ്ത്ര്ത്തെക്കുറിക്കുന്ന "മാത്തമാറ്റിക് " എന്ന ഗ്രീക്ക്ന പദത്തിന്റെ അർത്ഥമെന്ത് ?

ഉ: പഠിച്ചസംഗതികൾ.

3 രേഖാഗണിതത്തിൽ ആചാര്യൻ?

ഉ: യൂക്ലിഡ്

4 ആധുനിക ഗണിതശാസ്ത്രത്തിന്റെ സ്ഥാപകൻ?

ഉ: കാൾഫ്രീഡിക് ഗൗസ്

5 സെറ്റ്സിന്താന്തത്തിന്റെ ഉപജ്ഞാതാവ്?

ഉ: ജോർജ്ജ് കാന്റർ

6 ഗണിതശാസ്ത്രത്തിലെ സെക്ടർ കണ്ടുപിടിച്ചതാര്?

ഉ: ഗൺടർ

7 കാൽക്കുലസ് ആവിഷ്ക്കരിച്ചത്?

ഉ: ന്യൂട്ടൻ ലൈബനസ്സി

8 ലോഗരിതം ആവിഷ്ക്കരിച്ചത്?

ഉ: ജോൺ നേപ്പിയർ

9 സംഖ്യാശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്?

ഉ: യക്കോബി

10 മാട്രിക്സിന്റെ ജനയിതാവ്?

ഉ: ജോസഫ് സിലവിസ്റ്റർ

# സംഖ്യാ പിരമിഡ്



അഭിനന്ദന . പി .എം

9 A

1*1=1
11*11=121
111*111=12321
1111*1111=1234321
11111*11111=123454321
111111*111111=12345654321
1111111*1111111=1234567654321
11111111*11111111=123456787654321
111111111*111111111=12345678987654321


2*2=4
22*22=484
222*222=49284
2222*2222=4937284
22222*22222=493817284
222222*222222=49382617284

# പൂജ്യത്തിന്റെ കഥ



ശ്രീലക്ഷ്മി . എം. പി
൭ A

മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട കാൽവയ്പ്പാണ് പൂജ്യം അടങ്ങുന്ന ദശാങ്ക സമ്പ്രദാത്തിന്റെ വികസനം .ഗണിതശാസ്ത്ര ചരിത്രത്തിലെ ഏറെ തിളക്കമാർന്ന കണ്ടെത്തലുകളിലൊന്നാണ് പൂജ്യം .പൂജ്യത്തിന്റെ ഉപജ്ഞാതാവ് ആരാണെന്ന് കൃത്യമായി അറിയില്ലെങ്കിലും ഭാരതത്തിൽ നിന്നാണ് ഈ സമ്പ്രദായത്തിന്റ ഉദ്ഭവം എന്നത് ലോകം മുഴുവൻ അംഗീകരിച്ച വസ്തുതയാണ് .പൂജ്യം രേഖപ്പെടുത്തിയ അനേകം ലിഖിതങ്ങൾ ഇന്ത്യയുടെ പല ഭാഗത്തുനിന്നും കണ്ടെടുത്തിട്ടുണ്ട് .അതിൽ ഏറ്റവും പഴക്കമേറിയത് വടക്കുപടിഞ്ഞാറെ ഇന്ത്യയിലെ ബക്ഷാലിയിൽ നിന്നു കണ്ടെടുത്തതാണ് .പൂജ്യത്തെ ഒരു കുത്തുകൊണ്ടാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത് ആദ്യകാലത്ത് ഒരു ബിന്ദുമാത്രമാണ് പൂജ്യത്തെ സൂചിപ്പിക്കാനുപയോഗിച്ചത്. പിന്നീട് വ്യക്തതയ്ക്കുവേണ്ടി അതിനു ചുറ്റും ഒരു വൃത്തം വരയ്ക്കാൻ തുടങ്ങി .കാലക്രമത്തിൽ ബിന്ദു അപ്രത്യക്ഷമാവുകയും



പൂജ്യത്തിന്റെ ചിഹ്നമായി വൃത്തം അവശേഷിക്കുകയും ചെയ്തു .അതിൽ നിന്നാണ് ഇന്നു നാം ഉപയോഗിക്കുന്ന പൂജ്യത്തിന്റെ ചിഹ്നം രൂപം കൊണ്ടത് .

# എന്നും.. എപ്പോഴും.. നൂറുമേനി



# സൗഹൃദം



നമുക്ക്.......എല്ലാവർക്കും
ഉണ്ടാകും സുഹൃത്ത്
കൂടെപ്പിറപ്പും അല്ല
പ്രണയവും അല്ല

നേഹ സന്തോഷ്
9 A

അന്ന് തനിച്ചായപ്പോൾ
അവർ തണലേകി
അവർ യഥാർത്ഥ സുഹൃ-
ത്തെങ്കിൽ..........

നമ്മളെ ശല്യപ്പെടുത്തും
ദേഷ്യം പിടിപ്പിക്കും
നമ്മൾ അകറ്റാൻ നോക്കിയാലും
നമ്മുടെ പുറകെ വരും

യാത്ര പറഞ്ഞു പിരിഞ്ഞു
പാതി വഴിയിലെത്തുമ്പോൾ
ഒരു പിൻ വിളിക്കായ്.........
ആ വേദനയുടെ പേരാണ്

***സൗഹൃദം .......***

പുസ്തകങ്ങൾ കൊണ്ട് പുസ്തകമാല കോർത്തു.



ജൂൺ 19 വായനാദിനം

# ആര്യഭടൻ



ബിസ്ന ബെന്നി
9 A

ഗണിതശാസ്ത്രത്തിനും ജ്യോതിശാസ്ത്രത്തിനും അമൂല്യമായ സംഭാവനകൾ നൽകിയ ആര്യഭടനാണ് ദേശീയ ഗണിത ശാസ്ത്രജ്ഞരിൽ  ഏറ്റവും പ്രശസ്ത്തൻ . ആര്യഭടൻ  ജനിച്ചത് എ.ഡി 476ൽ അശ്മകം എന്ന  ഗ്രാമത്തിലാണെന്നു പറയുന്നു .കുസുമ പുരത്തിൽ (അതായത് ഇന്നത്തെ പാറ്റ്നനഗരം ) ഉണ്ടായിരുന്ന ഗണിത വിദ്യാലയത്തെ കുറിച്ച് കേട്ടറിഞ്ഞ 2000ൽ പരം  മൈൽ കാൽനടയായി  സഞ്ചരിച്ച് എത്തിയ അവിടെ സ്ഥിരതാമസമാക്കി . അന്നോളം അറിയപ്പെട്ടിരുന്ന  എല്ലാ വിജ്ഞാനവും 23_ാം വയസ്സിൽ  അദ്ദേഹം എഴുതിയ അമൂല്യ ഗ്രന്ഥമായ  ആര്യഭട്ടീയം  തെളിയിക്കുന്നു . ഭാരതീയ ഗണിത ശാസ്ത്രത്തിന്റെ പിന്നീടുള്ള വളർച്ച ഈ അമൂല്യ ഗ്രന്ഥത്തെ ആദാരമാക്കിയാണ് ഉണ്ടായത് .  ദശരീതി , ഗണിതം , ഭൂമിശാസ്ത്രം  എന്നിവയെല്ലാം ഇതിലെ പരാമർശവിഷയത്തിൽ  ഉൾപ്പെടുന്നു . പ്രത്യേകിച്ചും  അഭിമാനിക്കാവുന്ന ഒരു ഗണിത ഗവേഷകനാണ് ആര്യഭടൻ എന്ന  രണ്ടഭിപ്രായമില്ല .

# ഥേൽസ്



എസ് .ദേവിജ
9 B

ഗ്രീക്ക് ഗണിതശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന മഹാൻ . 2600 വർഷം മുൻപ് മിലേത്തൂസിലെ ഒരു കച്ചവടകാരന്റെ മകനായി ജനിച്ചു . ത്രികോണങ്ങളെയും , വൃത്തങ്ങളെയും സംബന്ധിക്കുന്ന നിരവധി സിദ്ധാന്തങ്ങൾ കണ്ടെത്തി . ബാബിലോൺിയ , ഈജിപ്റ്റ് ,പേർഷ്യ എന്നിവിടങ്ങളിലെ ഗണിതശാസ്ത്രജ്ഞരുമായി അദ്ദേഹം അറിവുകൾ പങ്കുവച്ചു . വൃത്താകൃതിയിലുള്ള ഒരു വസ്തുവിനെ രണ്ടു തുല്യഭാഗങ്ങളാക്കാൻ അതിന്റെ വ്യാസത്തിലൂടെ മുറിച്ചാൽ മതിയെന്ന് അദ്ദേഹം തെളിയിച്ചു . ഏഴ് ഗ്രീക്ക് പണ്ഡിതന്മാരിൽ പ്രധാനിയായി ഇന്നും ആദരിക്കപ്പെടുന്ന .ബി.സി 546ൽ അന്തരിച്ചതായി കരുതപ്പെടുന്നു .

# കരകാണാതെ കേരളീയർ



*ഗോപിക രാജേഷ്*
*9 A*

വർഷങ്ങൾക്ക് ശേഷം കേരളത്തിൽ രൂപപ്പെട്ട ഒന്നായിരുന്നു ഓഗസ്റ്റ്മാസത്തിൽ ഉണ്ടായ ഈ മഹാപ്രളയം.ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനാണ് നഷ്ടമായിതീർന്നത് മണ്ണിടിച്ചിലും,ഉരുൾപൊട്ടലും രൂപപ്പെട്ടു.ഒട്ടേറെ ആളുകളുടെ വീടുകൾ വെള്ളത്തിൽ മുങ്ങിപോയി.സ്കൂളുകൾ ദുരിദാശ്വാസ ക്യാമ്പുകളായി പ്രവൃത്തിച്ചു.ജനങ്ങളുടെ സുരക്ഷയ്ക്ക് മത്സ്യതൊഴിലാളികൾ ഏറെ പങ്ക് വഹിച്ചു .ഒട്ടെറെ രാജ്യങ്ങളിൽ നിന്നുമായി മുഖ്യമന്ത്രിയുടെ ദുരിദാശ്വാസനിയിലേക്ക് സംഭാവനകൾ നൽകി.ഒട്ടെറെ ജനങ്ങൾ സഹായപ്രവൃത്തനങ്ങളുമായി മുന്നോട്ടുവന്നു.വീടുകളിൽ കുടുങ്ങിയിരുന്നവർക്ക് ഭക്ഷണം ഏർപ്പെടുത്തി.ആ കൂട്ടത്തിൽ ഗർഭിണികളും ഉണ്ടായിരുന്നു.കേരളം മഹാപ്രളയത്തിൽനിന്ന് അതിജീവനത്തിലേക്ക് മാറി.

# ഹിമം



*ജോസ്ന ജോയ്*

*9 A*

ഹിമകണം തങ്ങിനിൽക്കുന്ന ആ അന്തരീക്ഷം എന്നിലേക്ക് പുതിയ ഒരു അനുഭവമാണ് സമ്മാനിച്ചത്. വണ്ടിയുടെ തുറന്ന ജനലിലൂടെ ആ അന്തരീക്ഷം ഞാൻ എന്റേതാക്കി മാറ്റി. പൊൻകിരണം തൂക്കുവാനായി വെമ്പിനിൽക്കുന്ന സൂര്യൻ എന്നെ നോക്കി മെല്ലെ കണ്ണുചിമ്മി. ആ ഒരൊറ്റ നിമിഷം ഞാൻ എന്റെ ഓർമ്മ പുസ്തകത്തിലെ നല്ല ഓർമ്മക്കായി മാറ്റിവച്ചിരിക്കുന്ന ഒരിടം ആ ഒരു അനുഭവത്തിലൂടെ സമ്പന്നമാക്കി. ഇടതൂർന്ന് നിൽക്കുന്ന പൈൻമരങ്ങളും അതിൽനിന്നും ഹിമകണം ഇറ്റിറ്റ് വീഴുന്നതും, ഞാൻ എന്റെ കണ്ണുകൾ കൊണ്ട് ആസ്വദിച്ചു. ഞങ്ങളുടെ ഒപ്പമുണ്ടായിരുന്ന എല്ലാവരും അത് ആസ്വദിക്കുന്നുണ്ടായിരുന്നു.എന്നാൽ എനിക്ക് ആ കാഴ്ച്ച തന്നത് ഒരു പുതിയ അനുഭവമായിരുന്നു. ഇനി ആ ഹിമകണങ്ങൾ സൂര്യന്റെ പൊൻകിരണങ്ങളേറ്റ് എവിടേക്കോ യാത്രപോകും. എന്നാൽ എനിക്ക് ഇഷ്ടം ആ മരങ്ങൾക്ക് രത്നങ്ങൾ പതിപ്പിച്ചതുപോലെ ആലങ്കാരികമായി നിൽക്കുന്ന ആ ഹിമകണങ്ങളെയാണ്. ഞങ്ങളുടെ നാലുചുറ്റും മലകളും കുന്നുകളുമാണ്.

ഒരു കുന്നിൽ പോലും പച്ചപ്പില്ലാത്ത ഒരിടം പോലും കാണാനില്ല.കുന്നുകൾചെത്തിയിറക്കി മരങ്ങളാലും മറ്റു കൃഷികളാലും നിറച്ചിരിക്കുന്നു. മലമടക്കുകളുടെ വെള്ളിയരഞ്ഞാണം എന്നപോലെ തെളിനീര് ഉറവയുമായി താഴേക്ക് ഓടി എത്തുന്ന ചെറിയ അരുവികൾ. കിളിനാദം എവിടെ നിന്ന് ഒക്കെയോ കേൾക്കാം. എന്നാൽ, കിളികളെ ഒന്നും കാണുന്നില്ല എന്നാൽ അത് എല്ലാം ഇവിടെ എവിടെയോ ഉണ്ട്. നമ്മുടെ സന്തോഷങ്ങളും സങ്കടങ്ങളും പോലെ നാംകാണുന്നില്ല , എന്നാൽ നാം അനുഭവിക്കുന്നുണ്ട്.



# മെഡിക്കൽ ക്യാംപ്



## ആരോഗ്യമുള്ള ശരീരത്തിൽ
## ആരോഗ്യമുള്ള മനസ്സ്

# തെംസ് നദിയോട്



ആദിത്യ സന്തോഷ്
9 A

ആരോ പറയുന്നു തെംസ് നദീ ,നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന-നിൻ
യാതന കണ്ടാ മിഴികൾ നിറയവേ
രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണുപോൽ, അത്ഭുതം! പെട്ടെന്നു
പുഞ്ചിരികൊള്ളാൻ തുടങ്ങിപോൽ തെംസ് നദി!
ആ രാഗമല്ലലായ്,*ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി, നിൻ നിർജ്ജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!
ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നുപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നുപോൽ!
തുമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
***സാമൺ തുടിച്ചു വിടർന്നു കളിപ്പുപോൽ

# എന്റെ അമ്മ



കൃഷ്ണ ജയചന്ദ്രൻ
9 B

സ്നേഹത്തിൻ തിരിനാളമായി
ഒഴുകുന്ന കടലായി
അമ്മേ എന്റെ അമ്മേ
എനിക്കായ് ദൈവം തന്നോരമ്മേ

ആദ്യമായി രണ്ടക്ഷരം
ചൊല്ലിത്തന്ന വെളിച്ചമേ
ജ്വലിക്കുന്ന തിരിനാളമേ
ഞാൻ എന്നും സ്നേഹിക്കുന്നു

എന്നും വേദനകൾ നിറഞ്ഞ
മനസ്സോടെ എന്റെ മുന്നിൽ
നിന്റെ സ്നേഹം അലിവോടെ
പകർന്നു തന്ന അമ്മേ

# എന്റെ അനുഭവക്കുറിപ്പ്




വൈഷ്ണവി ബിജു
9 A


ഈ വർഷത്തിൽ എനിക്ക് നല്ല അനുഭവങ്ങൾ കിട്ടിയത് വെക്കേഷൻ സമയത്തായിരുന്നു .എന്റെ ജീവിതത്തിലെ ആദ്യയാത്രയായിരുന്നു .എല്ലാവരും ഒരുമിച്ചു പോയ മൂന്നാർ യാത്ര .ഇതുവരെ കാണാത്ത സ്ഥലങ്ങളും കാഴ്ചകളും ആ യാത്രയിൽ എന്നെ വിസ്മയിപ്പിച്ചു .വനത്തിലൂടെ ഞങ്ങൾ യാത്ര ചെയ്യുമ്പോൾ അവിടെ ധാരാളം കാഴ്ചകൾ കാണാനിടയായി .വലിയ ഉയരമേറിയ മരങ്ങൾ ,പാറകളിലൂടെ ഒഴുകിയെത്തുന്ന വെള്ളച്ചാട്ടം ,പുതിയ അതിഥികളുടെ വരവും കാത്തുനിൽക്കുന്ന കുരങ്ങന്മാർ ,വലിയ വലിയ മലകൾ ഇതെല്ലാം യാത്രയ്ക്കിടയിൽ എന്നെ ആകർഷിച്ചു .വളരെ ദൂരം യാത്രചെയ്താണ് ഞങ്ങൾ മൂന്നാറിൽ എത്തിച്ചേർന്നത് .അവിടെ ചെന്നപ്പോൾധാരാളം തേയില തോട്ടങ്ങൾ കാണാൻ സാധിച്ചു. തേയിലകൾക്കിടയിൽ ജോലിചെയ്യുന്ന സ്ത്രീകൾ .അവിടെ ധാരാളം വിനോദസഞ്ചാരികൾ എത്തിച്ചേരുന്നുണ്ടായിരുന്നു .വീണ്ടും ഞങ്ങൾ യാത്ര ആരംഭിച്ചു. എങ്ങോട്ടുതിരിഞ്ഞാലും തെയിലത്തോട്ടങ്ങൾ മാത്രം .അതിനുശേഷം ഞങ്ങൾ ഒരു റെസ്റ്റോറന്റിൽ കയറി ഭക്ഷണം കഴിച്ച് വീണ്ടും യാത്ര ആരംഭിച്ചു .പിന്നീട് ഞങ്ങൾ ഒരു ഫ്ലവർ ഷോപ്പിൽ കയറി .കണ്ടതും കാണാത്തതുമായ വ്യത്യസ്ഥതരത്തിലുള്ള പൂക്കൾ .പൂക്കളാൽ അവിടം നിറഞ്ഞിരിക്കുന്നു .അവിടെ മൃഗങ്ങളുടെ പ്രതിമകളും ഉണ്ടാക്കിവച്ചിരിക്കുന്നു പിന്നെ ഫോട്ടോയെടുക്കലും മറ്റുമായി പരിപാടി .പിന്നെ ഞങ്ങൾ പോയത് ടീ ഷോപ്പിലേക്കായിരുന്നു .മൂന്നാർ തെയ്യത്തോട്ടങ്ങളിൽ നിന്ന് ലഭിക്കുന്ന തെയ്യകൊണ്ടുണ്ടാക്കിയ ചായയും ആസ്വദിച്ച് കുടിക്കുമ്പോൾ ആഞ്ഞടിക്കുന്ന കാറ്റും തണുപ്പും ശക്തമായ മഴയും പെയ്യുകൊണ്ടിരിക്കുന്നു .അതുകൊണ്ട് വീട്ടിലേക്ക് മടങ്ങി .പോകുന്ന യാത്രയിൽ തെയിലത്തോട്ടങ്ങളും യൂക്കാലിമരങ്ങളും കാണാനിടയായി .ഉയരമേറിയ മലകളെ മഞ്ഞ മൂടിക്കളഞ്ഞു .ആ അനുഭവം എന്റെ മനസ്സിൽ നിന്ന് മായുകയില്ല .

# നാടിനൊപ്പം..... നന്മയ്ക്കൊപ്പം.....




## സംരക്ഷണഭിത്തി നിർമ്മാണം




അനഘ അനിൽ

൯ C


# കേരളം കണ്ട പ്രളയം

കടന്നുപോയ ദിനങ്ങളിൽ കേരളത്തെ നടുക്കിയ ഒന്നായിരുന്നു ഓഗസ്റ്റ് മാസത്തിൽ രൂപപ്പെട്ട മഹാപ്രളയം.പ്രളയത്തിൽ ലക്ഷക്കണക്കിന് ജനങ്ങളുടെ വീടുകൾ മുങ്ങിപ്പോയി. പലയിടങ്ങളിലും മണ്ണിടിച്ചിൽ രൂപപ്പെട്ടു വീടിനുള്ളിൽ വെള്ളംകയറി കേരളത്തിലെ ഭൂരിഭാഗം സ്ഥലങ്ങളും വെള്ളത്തിനടിയിലായി. ഉരുൾപൊട്ടലിൽ ഒട്ടേറെ വീടുകൾ തകർന്നടിഞ്ഞു വളർത്തു മൃഗങ്ങൾ ചത്തടിഞ്ഞു. സ്കൂളുകൾ ദുരിതാശ്വാസകേന്ദ്രങ്ങളായി പ്രവർത്തിച്ചു .വീടിനുള്ളിൽ കുടുങ്ങിപ്പോയവർക്കായി ഹെലികോപ്റ്ററിൽ ഭക്ഷണം ഏർപ്പെടുത്തി കേരളം പിന്നീട് അതിജീവനത്തിലേക്ക് കുതിച്ചു. മുഖ്യമന്ത്രി ജനങ്ങൾക്കായി ദുരിദാശ്വാസഫണ്ട് രൂപീകരിച്ചു .ഒട്ടേറെ ആളുകൾ ദുരിദാശ്വാസ ഫണ്ടിലേക്ക് സംഭാവനകൾ നൽകി. വീടുനഷ്ടപ്പെട്ടവർക്ക് ജനങ്ങൾ കൈത്താങ്ങായി .വിദ്യാലയങ്ങൾ വഴിയും സംഘടനകൾ വഴിയും ജനങ്ങൾക്ക് ആവശ്യസാധനങ്ങൾ എത്തിച്ചു .പ്രളയം മടങ്ങിയപ്പോൾ ജനങ്ങൾ ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങി. കരുത്തോടെ ജനങ്ങൾ നവകേരളം സൃഷ്ടിച്ചു.മത്സ്യത്തൊഴിലാളികൾ ഇതിന് വലിയ പങ്കുവഹിച്ചു .അങ്ങനെ കേരളം അതിജീവനത്തിലേക്ക് മാറി .



*ഏയ്‌ലിൻ വർഗ്ഗീസ്*
*9 B*

# പെരുമഴക്കാലം

*ജീവിതം മൊട്ടിട്ടുയർന്നാർത്ത ബാല്യം*
*നീറുന്ന പെരുകുമോരോ എൻ*
*മഴക്കും പിന്നെ നീറുന്ന വേദന*
*എവിടെയോ ഒളിച്ചിട്ടും*
*മഴ വന്നടുത്തു*

*അകലയാണ് അകലയാണ്*
*എന്റെ ഗ്രാമം*
*എവിടെയാണ് എന്റെ പ്രാണൻ*
*മഴ വരും നേരമാർത്തു-*
*വിളിച്ചത് നനഞ്ഞ ഒരെൻ ബാല്യം*

*ഒരുനാൾ പുഴയെന്നോട്*
*പുഴയ്ക്ക് ഒരു ജനനമുണ്ട്*
*അന്ന് എന്റെ ബാല്യം*
*എന്നോടായി എന്നോ*
*മഴയായി മന്ത്രിച്ചു*



ബിനോ.ബി.ചെറുകര
9 A

# തുടിതാളം തേടി

നമ്മുടെ മാതാവു-കൈരളി പണ്ടൊരു

പൊന്മണി പൈതലായി വാണകാലം

യാതൊരു ചിന്തയുമില്ലാതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ

ഏടലർചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-

റോടിക്കളിച്ചു രസിച്ച കാലം-

പെറ്റമ്മ തന്നുടെ വെൺ മുലപ്പാൽ

തീരെ വറ്റിയില്ലാത്ത പൂങ്കണ്ഠ

ത്താൻ പാടിയിരുന്ന പഴങ്കഥ

പ്പാട്ടുകൾ പാൽക്കുഴമ്പല്ലേ,

ചെകിട്ടിനെല്ലാം.

# പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്





അലീന ജോണി
൯ C

# സാക്ഷിയായ് കേരളം

പ്രളയക്കെടുതിയിൽ അകപ്പെട്ടു മർത്യൻ
പ്രകൃതി വികൃതിയിൽ തകരും മനുഷ്യൻ
പ്രഥമ ദൃഷ്ടിയിൽ അംബരക്കും കാഴ്ച്ചകൾ
പ്രാണനും കൊണ്ട് പായുന്ന മർത്യൻ

അപ്രതീക്ഷിതമാം ദൈവപരീക്ഷകൾ
ദയനീയമാം വിധം പ്രളയത്തിൻ കാഴ്ച്ചകൾ
സർവ്വ സേനകൾ നാട്ടുകാരും പിന്നെ
ധീരതയോടെ കടലിന്റെ മക്കളും
വേതിരിവില്ലാതെ ഏവരും ഒന്നുപോൽ
(പ്രളയംകെടുതിയിൽ..........)

പണക്കാരനെന്നില്ല പാമരനെന്നില്ല
പോരാട്ടവീരനതാരെന്നുമില്ല
പ്രളയത്തിൻ  കാഴ്ച്ചകൾ
നമ്മെ  പഠിപ്പിച്ചു
പ്രകൃതിയിൽ നശ്വരമാണെല്ലാം എന്നതും
(പ്രളയക്കെടുതിയിൽ...........)



ആര്യാ.കെ.എസ്
9 B

# നഗരത്തിൽ ഒരു യക്ഷൻ

മഹാകവി കാളിദാസന്റെ മേഘസന്ദേശത്തിലെ യക്ഷനായി സ്വയം സങ്കല്പ്പിച്ചുകൊണ്ട് ആറ്റൂർ രവിവർമ്മ എഴുതിയ കവിതയാണ് നഗരത്തൽ ഒരു യക്ഷൻ .ഭാര്യയെപിരിഞ്ഞ് താമസിക്കേണ്ടി വന്നപ്പോൾ ഭാര്യയോടുള്ള സ്നേഹത്തിന്റെ ആഴം തിരിച്ചറിയുന്ന കവിയെ ഈ കവിതയിൽ കാണാം. കുബേരന്റ ജോലിക്കാരനായ അദ്ദേഹം ജോലിയിലെ പിഴവ് മൂലം നാട്ടുകടത്തപ്പെട്ടു .ഭാര്യയെ പിരിഞ്ഞ് ഒരിടത്ത് താമസമാക്കിയപ്പോൾ ഭാര്യയെക്കുറിച്ചുള്ള ചിന്തകളാൽ അദ്ദേഹം വലയുകയാണ് .ആകാശത്ത് കണ്ട മേഘത്തോട് ഭാര്യക്ക് നൽകിയ ഒരു സന്ദേശം പറയുന്നു .വിവാഹിതരാകുന്നതിനുമുമ്പ് ഭാര്യക്ക് ഉണ്ടായിരുന്ന ഭംഗികൾ ഇപ്പോൾ നഷ്ടപ്പെട്ടതോർത്ത് അയാൾ വേദനിക്കുകയാണ് ചൂടുകൊണ്ടും തണുപ്പുകൊണ്ട് അവളുടെ ചുണ്ടിന്റെ ഭംഗി നഷ്ടപ്പെട്ടത് ഓർത്ത് വിഷമിക്കുന്നു.പെട്ടിയുടെ മൂലയിൽ തങ്ങൾ പണ്ട് സ്വപ്നങ്ങൾ പങ്കുവച്ചു എഴുത്ത് എഴുതിയിരിക്കുന്ന പേന മരിച്ചുകിടക്കുന്നു .പണ്ട് നിർബന്ധപൂർവം എടുത്ത വിവാഹഫോട്ടോയും ഭിത്തിമേൽ ഉണ്ട് .പക്ഷെ അത് ഇപ്പോൾ ഭിത്തിയിലെ പലഫോട്ടോയുടെയും ഇടയിലാണ് . അകന്നുനിൽക്കുന്ന ഭാര്യയെക്കുറിച്ചുള്ള കാര്യങ്ങൾ അദ്ദേഹത്തെ അലട്ടികൊണ്ടിരുന്നു .അമ്മയെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹത്തിനുണ്ടായ വേദനയെയാണ് കവി സൂചിപ്പിക്കുന്നത് അമ്മയില്ലാത്ത അദ്ദേഹത്തിന് മാതാവായി ഭാര്യ .തുടർന്ന് അവളെക്കുറിച്ചുള്ള കാര്യങ്ങളും അവളോട് ഒപ്പം ചിലവഴിച്ച ദിവസങ്ങളും ബാല്യത്തിലെ നുറുങ്ങുകഥകളും ബോംബയിലെ അമ്മായിയെക്കുറിച്ചും ഓർത്തു .അവളുടെ കൊച്ചു വാശികളെയും ,പിണക്കങ്ങളെയും എല്ലാം നഷ്ടബോധത്തോടെ അദ്ദേഹം ഓർക്കുന്നു .ഈ

*ദിവസങ്ങളെക്കുറിച്ച് ഓർക്കുമ്പോൾ പഴയ മധുവിധു കാലത്തോളം പ്രിയമാണ് അയാൾക്ക് ഭാര്യയോട് തോന്നിയത് .ഭാര്യയെ പിരിഞ്ഞ് താമസിച്ചപ്പോൾ അവൾ തനിക്ക് പ്രിയപ്പെട്ടവളായെന്ന് കവി പറയുന്നു*



ഭദ്ര.പി.എസ്
9 B

# എൻ വിദ്യാലയം

ഓർമ്മതൻ താളുകളിൽ
ഓർമിക്കും ഞാനെൻ വിദ്യാലയം
ഒരു കുളിർകാറ്റായ്
എൻ മാറോടു ചേർന്നു
എന്നുമെൻ ബാല്യകാലം

എന്നെ ഞാനാക്കിയ എൻ വിദ്യാലയം
എൻ മനസ്സിൽ മൂല്യബോധങ്ങൾ
വളർത്തിയ എന്നറിവിൻ പ്രകാശമേറിയ
എന്നമ്മ മടിത്തട്ടുപോലെൻ വിദ്യാലയം

ഒരു തൂവൽ സ്പർശം പോൽ
ഒരുമിച്ചു കളിച്ചും ചിരിച്ചും
പങ്കിടും സ്നേഹത്തിൽ
എൻ മനസ്സിനെ തഴുകിയ
സ്നേഹിതവൃന്ദത്തെ
മറക്കില്ലൊരിക്കലും ഞാൻ

# ഒരുമയോടെ ഏറ്റവും ഉയരത്തിൽ...



## ലിറ്റിൽ കൈറ്റ്സ്




നന്ദന സതീശൻ

9 B


# പരുന്ത് പറ്റിച്ചു

ചന്ദ്രപുരത്തെ രാജാവിന്റെ ജന്മദിനം പ്രമാണിച്ച് എല്ലാവർഷവും പട്ടം പറഞ്ഞൽ മത്സരമുണ്ട്. നന്ദൻ എന്നയാളായിരുന്നു വർഷം തോറും സമ്മാനം നേടിയിരുന്നത്. നന്ദന്റെ അയൽക്കാരനാണ് പക്ഷിപിടുത്തക്കാരനായ തുട്ടയ്യൻ .എല്ലാകൊല്ലവും നന്ദൻ തന്നെ രാജാവിന്റെ കയ്യിൽ നിന്ന് സമ്മാനം വാങ്ങുന്നതുക്കൊണ്ട് തുട്ടയ്യന് വലിയ അസൂയയായിരുന്നു . എല്ലാവർഷവും തുട്ടയ്യനും മത്സരിക്കും പക്ഷേ സമ്മാനമൊന്നും കിട്ടില്ല . അക്കൊല്ലം മത്സരമടുത്തപ്പോൾ തുട്ടയ്യൻ വിചാരിച്ചു . "[illegible] ഇത്തവണ നന്ദൻ രാജാവിന്റെ കയ്യിൽ നിന്ന് സമ്മാനം വാങ്ങരുത് . അതിനൊരു വിദ്യഒപ്പിക്കണം ." ചതിയനായ തുട്ടയ്യൻ എന്തുചെയ്തെന്നോ ? മഞ്ഞനിറമുള്ള പട്ടം കണ്ടാൽ റാഞ്ചിയെടുത്ത് നശിപ്പിക്കാൻ ഒരു പരുന്തിനെ പരിശീലിപ്പിച്ചു. കാരണം , നന്ദനു മാത്രമേ മഞ്ഞനിറമുള്ള പട്ടം ഉണ്ടായിരുന്നുള്ളു . പക്ഷേ മത്സരമടുത്തപ്പോൾ നല്ലവനായ നന്ദൻ പറഞ്ഞു ." എല്ലാകൊല്ലവും എനിക്കല്ലേ സമ്മാനം , ഞാൻ ഇത്തവണ മത്സരിക്കുന്നില്ല . ഇത്തവണ മറ്റാരെങ്കിലും സമ്മാനം നേടട്ടെ ." അതുകേട്ട് തുട്ടയ്യൻ മുന്നോട്ടു വന്നു . നന്ദൻ മത്സരിച്ചാലല്ലെ അയാളെ തോല്പിക്കാനാകു . അതുകൊണ്ട് തുട്ടയ്യൻ പറഞ്ഞു ." ഏറ്റവും സമർത്ഥൻ നീയാണ് അതുകൊണ്ട് നീ തീർച്ചയായും മത്സരിക്കണം എല്ലാവരും കാത്തിരിക്കുകയാ" ഒടുവിൽ തുട്ടയ്യന്റെ നിർബന്ധം മൂലം നന്ദനും മത്സരത്തിൽ പങ്കെടുത്തു . മറ്റെല്ലാവരുടെയും പട്ടത്തെക്കാൾ ഉയരത്തിലെത്തി നന്ദന്റെ പട്ടം തുട്ടയ്യന്റെ പട്ടമോ ഏറ്റവും താഴെയും ഇത്തവണയും നന്ദൻ ജയിക്കുമെന്ന് മനസ്സിലായതോടെ തുട്ടയ്യന് മത്സരസ്ഥലത്തു നിന്നും മുങ്ങി എന്നിട്ട് പൊന്തക്കാട്ടിൽ ഒളിപ്പിച്ചു വച്ചിരുന്ന കൂട് തുറന്ന് പരുന്ത് പറന്നു ചെന്ന് നന്ദന്റെ മഞ്ഞപ്പട്ടം റാഞ്ചി പട്ടത്തിന്റെ ചരട് പരുന്തിന്റെ കാലിൽ ഉടക്കി .

പരിഭ്രമിച്ച പരുന്ത് മുകളിലേക്ക് പറന്നു . എല്ലവരെയും നോക്കി നിൽക്കെ അതാ നന്ദന്റെ പട്ടം ആകാശത്തേക്ക് ഉയർന്നു പോകുന്നു . അതുകണ്ട രാജാവും മറ്റെല്ലാവരും കൈയ്യടിച്ചു . " നന്ദ ഇത്തവണയും . നിന്റെ പട്ടമാണ് എറ്റവും ഉയരത്തിലെത്തിയത് അതു ആകാശം മുട്ടെ ഇതാ വിജയിക്കുള്ള സമ്മാനത്തോടൊപ്പം ഈ മാല കൂടി സ്വീകരിക്കു എന്നുപറഞ്ഞു അദ്ദേഹത്തിന്റെ സ്വന്തം മാലയൂരി നന്ദ സമ്മാനിക്കുന്നത് കണ്ട് തട്ടിപ്പുക്കാരൻ തുട്ടയ്യൻ നാണിച്ചു പോയി.



ഗൗരിനന്ദന
10 A

# എന്റെ കലാലയ ജീവിതം

പൂമ്പാറ്റകൾ പോലെയാണ് നമ്മുടെ ഓർമ്മകൾ. ഒരുപാടു ഓർമ്മകൾ കോരിയിട്ടതാണ് എന്റെ കലാലയ ജീവിതം.എന്റെ പുതിയ അധ്യയന വർഷം സെന്റ ജോർജ്ജ് ഹൈസ്കൂളിലായിരുന്നു . സ്നേഹിക്കാൻ മാത്രമറിയുന്ന കുറെ കൂട്ടുകാരും താങ്ങും തണലുമായി ഒരു അമ്മയെപ്പോലെ ക്ലാസ്സ് ടീച്ചർ ദീപ ടീച്ചറും ഉണ്ടായിരുന്നു . സ്കൂൾ ജീവിതമാണ് ഒരു കുട്ടിയുടെ ഏറ്റവും പ്രധാനപ്പെട്ട കാലം . ഈ കാലത്ത് പഠിക്കാതെ നടന്നാൽ ജീവിത്തിൽ ഒന്നും നേടാൻ കഴിയില്ല . ചന്ദനം ചാരിയാലെ ചന്ദനം മണക്കു എന്നു പറയുന്നത് പോലെ ചന്ദനമരമായി ഞങ്ങളുടെ ക്ലാസ്സ് ടീച്ചർ ഞങ്ങളുടെ കൂടെ തന്നെ ഉണ്ടായിരുന്നു .ആ വർഷത്തെ യുവജനോത്സവത്തിൽ ഞങ്ങളുടെ ക്ലാസ്സിൽ തിരുവാതിരയുണ്ടായിരുന്നു പുതിയ സ്കൂളിൽ ആദ്യത്തെ യുവജനോത്സവമാണ് നല്ല രസമായിരുന്നു യുവജനോത്സവം . അങ്ങനെ ആ വർഷത്തെ പരീക്ഷയുമെത്തി പരീക്ഷയും എളുപ്പമായിരുന്നു അങ്ങനെ ആ അധ്യയന വർഷം കഴിഞ്ഞു ഒരുപാടു ഓർമ്മകൾ തന്ന 8ാം ക്ലാസ്സ് ,പുതിയ 9ാം ക്ലാസ്സിലേക്ക് എത്തിപ്പോൾ അവിടെയും ഒരു അമ്മയുടെ സ്നേഹവും വാൽസല്യവും മഞ്ജു ടീച്ചർ ഞങ്ങളെ പുതിയ ക്ലാസ്സിലേക്ക് വിളിക്കാൻ വന്നു . ഒപ്പം എന്റെ ഏറ്റവും വലിയ സ്വത്തായ കൂട്ടുകാരും ഉണ്ടായിരുന്നു .

" പഠിച്ചുകൊണ്ട് ഇരിക്കുന്ന കാലത്ത് കുട്ടികളുടെ ഏറ്റവും വലിയ സ്വത്ത് എന്നുപറയുന്നത് കൂട്ടുകാർ തന്നെയാണ്."



അലീന ജോർജ്ജ്
8 B

# ബുദ്ധിമാനായ ബീർബൽ

മഹാനായ അക്ബർ ചക്രവർത്തി ഒരിക്കൽ തന്റെ രസികനായ മന്ത്രി ബീർബലിന്റെ ബുദ്ധിശക്തിയൊന്ന് പരീക്ഷിക്കുവാൻ നിശ്ചയിച്ചു . അദ്ദേഹം ബീർബലിനെ വിളിച്ചു വരുത്തിയിട്ടു ചോദിച്ചു : ' മന്ത്രി ബീർബൽ , ഡൽഹിൽ എത്ര കാക്കകളുണ്ടെന്ന് കൃത്യമായി പറയാമോ ? ' അക്ബറിന്റെ ചോദ്യം കേട്ട് ബീർബലിന് ഉള്ളിൽ ചിരി വന്നു . എങ്കിലും അയാളുടെ നാവിൻ തുമ്പിൽ നിന്ന് ചോദ്യത്തിനുള്ള ഉത്തരം പെട്ടെന്ന് അടർന്നു വീണു . തിരുമേനി , ഡൽഹിൽ മൊത്തം അറുപതിനായിരത്തി അഞ്ഞൂറ്റി അമ്പത്തിരണ്ട് കാക്കകളുണ്ട് . ' ബീർബലിന്റെ കൃത്യമായ ഉത്തരം കേട്ട് ചക്രവർത്തി ആദ്യമൊന്ന് പകച്ചു .

പിന്നെ ചോദിച്ചു : ഈ കണക്ക് കൃത്യമല്ലാതെ വന്നലോ ? ' അങ്ങനെ വന്നാൽ അതിന് കാരണമുണ്ട് . കാക്കകളുടെ എണ്ണം കൂടുതലായി കാണുന്നെങ്കിൽ ഇവിടെയുള്ള കാക്കകളുടെ ബന്ധുക്കൾ മറ്റു സ്ഥലങ്ങളിൽ നിന്ന് വിരുന്നു വന്നിട്ടുണ്ടായിരുക്കും . അഥവാ കുറവാണെങ്കിൽ ഇവിടെയുള്ള കാക്കകളിൽ പലരും അകലെയുള്ള വീട്ടിലേക്ക് വിരുന്നു വന്നിട്ടുണ്ടായിരുക്കും .' ബീർബൽ യാതൊരു സംശയവും കൂടാതെ തട്ടിവിട്ടു . ബുദ്ധിമാനും കർമ്മരസികനുമായ ബീർബലിനെ അക്ബർ ചക്രവർത്തി സസന്തോഷം കെട്ടിപ്പുണർന്നു .

# അതിജീവനത്തിനെന്റെ കൈത്താങ്ങ്




## പ്രളയബാധിതർക്ക് കൈസഹായം



അന്ന ഷാജി
10 C

# മെൻഡലിയേഫിന്റെ കഥ

ആവർത്തനപ്പട്ടികയുടെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ശാസ്ത്രജ്ഞനാണ് ദിമിത്രി ഇവാനോവിച് മെൻഡലിയേഫ് . 1834 ഫെബ്രുവരി എട്ടിനു സൈബീരിയയിൽ ഒരു സമ്പന്ന കുടുംബത്തിൽ ഇവാൻ പാവ്‌ലോവിച് മെൻഡലിയേഫിന്റെയും മാരിയ ഡിമിട്രീവ്നയുടെയും പതിനാല് മക്കളിൽ ഇളയകുട്ടിയായി ജനനം . പതിമൂന്നു സഹോദരങ്ങൾക്കൊപ്പമുള്ള കുട്ടിക്കാലം രസകരമായിരുന്നെങ്കിലും ആ സമയത്ത് ആ കുടുംബത്തെ പിടിച്ചുലച്ച ചില സംഭവങ്ങളുണ്ടായി . പിതാവിന്റെ ജോലി നഷ്ടമായി . കുടുംബം സാമ്പത്തികമായി പാടെ തകർന്നു . മെൻഡലിയേഫിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ സമയത്ത് പിതാവ് മരിച്ചു . പ്രതികൂല സാഹചര്യങ്ങളിൽ പിടിച്ചു നിന്ന അമ്മ ആ മക്കൾക്കു താങ്ങും തണലുമായി . അവർക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കി . അതിനിടയിൽ ഒരു ഗ്ലാസ്സ് നിർമാണശാലയും തുടങ്ങി അക്കാലത്ത് പല ആരോഗ്യപ്രശ്നങ്ങളും മെൻഡലിയേഫിനെ അലട്ടിയെങ്കിലും അതൊന്നും വക വയ്ക്കാതെ പഠനം തുടർന്നു . സെന്റ്പീറ്റേർസ്ബർഗിലെ മെയിൻ പെഡഗോഗിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു . രസതന്ത്രമായിരുന്നു ഇഷ്ടവിഷയം . 1855ൽ ഒന്നാം റാങ്കോടെ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി . ആ സന്തോഷത്തിനിടയിലാണ് മെൻഡലിയേഫിനെ അടിമുടി തകർത്തിക്കൊണ്ട് അമ്മയുടെ മരണം സംഭവിച്ചത് . അമ്മയുടെ വേർപാടിൽ തകർന്ന ആ മകൻ രോഗക്കിടക്കയിലായി . ആറു മാസത്തിൽ കൂടുതൽ ആ യുവാവ് ജീവിച്ചിരിക്കില്ലെന്ന് ഡോക്ടർമാർ വിധിയെഴുതി . എന്നാൽ എല്ലാവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം

രോഗക്കിടക്കയിൽ നിന്ന് എഴുന്നേൽക്കുകയും ശാസ്ത്രഞ്ജതഗവേഷണങ്ങളിലേക്കു തിരിയുകയും ചെയ്തു . 1864 സെന്റ്പീറ്റേർസ്ബർഗ് സ്റ്റേറ്റ് യൂണിവേഴ്സ്റ്റിയിൽ പ്രഫസറായി .

മൂലക വർഗീകരണത്തിൽ ഏറെ തൽപരനായിരുന്ന മെൻഡലിയേഫ് . 1869 ൽ അറിയാമായിരുന്നത് വെറും 63 മൂലകങ്ങളെ മാത്രമായിരുന്നു .ഇവയുടെ പേരും അറ്റോമിക് മാസ്സും രാസഭൗതികഗുണങ്ങളുമൊക്കെ പ്രത്യേകം പ്രത്യേകം ചീട്ടുകളിലാക്കി എഴുതി പല രീതിയിൽ ചുവരിലും തറയിലുമൊക്കെ ക്രമീകരിച്ച് അവ

തമ്മിലുള്ള ബന്ധം കണ്ടെത്താൻ അദ്ദേഹം ശ്രമിച്ചു . നിരന്തരമായ പരിശ്രമത്തിനൊടുവിൽ അറ്റോമിക് മാസ്സിന്റെ ആരോഹണക്രമത്തിൽ മൂലകങ്ങളെ ക്രമീകരിച്ച് ആധുനിക ആവർത്തനപ്പട്ടികയുടെ ആദ്യ രൂപമുണ്ടാക്കുവാൻ മെൻഡലിയേഫിനു സാധിച്ചു . ഇനിയും കണ്ടുപിടിക്കാനിരിക്കുന്ന മൂലകങ്ങൾക്കായി കള്ളികൾ ഒഴിച്ചിട്ടു . തീർന്നില്ല . അവയിൽ ചില മൂലകങ്ങളുടെ സ്വഭാവങ്ങൾ കൃത്യമായി പ്രവചിക്കുകയും ചെയ്തു . ഫൗണ്ടേഷൻ ഓഫ് കെമിസ്ട്രി എന്ന പുസ്തകവും അദ്ദേഹം രചിച്ചു .

# വായനമുറ്റം




മുറ്റംതൊട്ട് വായന ,

മനസ്സിലും കാഴ്ചയിലും പുസ്തകങ്ങൾ ,

കൈയെത്തും ദൂരത്ത് അറിവ്



*ജോസ്‌ലിൻരാജു*
*9 B*

# മുയലുകളുടെ തീരുമാനം

ഒരിടത്ത് ഒരു കാട്ടിൽ കുറെ മുയലുകൾ ജീവിച്ചിരുന്നു . മോട്ടു ആയിരുന്നു അവരുടെ നേതാവ് .അവരെല്ലാവരും ഒരുമിച്ചാണ് ജീവിച്ചിരുന്നതെങ്കിലും കാട്ടിൽ അവരുടെ ജീവിതം സുരക്ഷിതമല്ലായിരുന്നു . വലിയ മൃഗങ്ങൾ മുയലുകളെ കൊന്നു തിന്നുന്നത് പതിവായിരുന്നതിനാൽ ഗുഹയിൽ നിന്ന് പുറത്തേയ്ക്കിറങ്ങാൻ അവർക്ക് ഭയമായിരുന്നു . അങ്ങനെ എല്ലാ മുയലുകളും അസന്തുഷ്ടരായിത്തീർന്നു . ഒരു ദിവസം എല്ലാവരും ഒരു ചർച്ചയ്ക്കുവേണ്ടി ഒരുമിച്ചു കൂടമമെന്ന് മോട്ടു അറിയിച്ചു . കാട്ടിലുള്ള വലിയ മൃഗങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനായി ഒരു മാർഗ്ഗം കണ്ടെത്തുകയായിരുന്നു അവരുടെ ലക്ഷ്യം . മോട്ടുവിന്റെ നിർദ്ദേശപ്രകാരം എല്ലാ മുയലുകളും കാട്ടിലന്റെ ഒരു ഭാഗത്ത് സമ്മേളിച്ചു . മോട്ടു പറഞ്ഞു : "നമ്മുടെ ജീവിതം ഇവിടെ സുരക്ഷിതമല്ല . നമുക്ക് ചുറ്റും ശത്രുക്കളാണ് . ആഹാരത്തിനുവേണ്ടി പുറത്തേയ്ക്കിറങ്ങാൻ പോലും നമുക്ക് സാധിക്കുന്നില്ല . അതിനാൽ ഇവിടെ ജീവിക്കുന്നത് പ്രയാസമാണ്. ഈ സാഹചര്യത്തിൽ നിന്ന് നമുക്ക് എങ്ങനെ രക്ഷപ്രാപിക്കാം?"

രക്ഷപ്രാപിക്കുന്നതിനുള്ള മാർഗ്ഗം നിർദ്ദേശിക്കാൻ ആർക്കും കഴിഞ്ഞില്ല .

ഒരു മുയൽ എഴുന്നേറ്റ് നിന്ന് പറഞ്ഞു :

"നമുക്കെല്ലാവർക്കും കൂടി കുളത്തിൽ ചാടി ആത്മഹത്യ ചെയ്യാം ." ആ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു .

എല്ലാ മുയലുകളും കൂടി കുളക്കടവിലേക്ക് നടന്നു .

ആ കുളത്തിൽ ധാരാളം തവളകൾ ജീവിച്ചിരുന്നു . എല്ലാ തവളകളും കൂടി കുളക്കരയിൽ ഇരുന്ന് വെയിൽ കായുകയായിരുന്നു . മുയലുകളെ കണ്ട് ഭയന്ന തവളകൾ കുളത്തിലേക്ക് ചാടി രക്ഷപ്പെട്ടു .

ഇതുകണ്ട മോട്ടു പറഞ്ഞു : "സുഹൃത്തുക്കളെ , ഈ ലോകത്തിൽ നിരന്തരമായി ഭയന്നു ജീവിക്കുന്നത് നമ്മൾ മാത്രമല്ല . അതിനാൽ നമ്മൾ ആത്മഹത്യ ചെയ്യാൻ പാടില്ല . നമ്മൾ പോരാടി ജീവിത്തിൽ മുന്നേറണം . അസന്തുഷ്ടിയിൽ നിന്ന് മോചനം നേടുന്നതിനുള്ള ഉപായമല്ല

ആത്മഹത്യ ." എല്ലാ മുയലുകളും മോട്ടുവിന്റെ അഭിപ്രായത്തോട് യോജിച്ചു .

# ഉപയോഗം.... പുനരുപയോഗം....



LED ബൾബ് നിർമ്മാണം



എയ്ഞ്ചല .സി .ബിജു
10 B

# എന്റെ മണിമുത്തുകൾ

അനന്ത സാഗരത്തിന്റെ ആഴങ്ങളിൽ നിന്നും മുങ്ങിയെടുത്ത മണിമുത്തുകൾ പോലെയാണ് എന്റെ കലാലയ ജീവിതം . ഒരോ ദിവസങ്ങളും ഒരോ മണിമുത്തുകളാണ് . കുസൃതിയും കുട്ടിക്കുറുമ്പുകളും മാറ്റി വെച്ച് കൗമാരത്തിലേക്ക് കാലെടുത്ത് വെയ്ക്കാൻ ഏതാനും ദിവസങ്ങൾ മാത്രം . കുസൃതിയും കുട്ടിക്കുറുമ്പുകളും എന്റെ മനസ്സിൽ കോരിയൊഴിച്ച് എന്റെ കൊച്ചു കൂട്ടുകാരെ പിരിയാൻ ഒരു വിഷമം മാത്രം . എന്റെ ക്ലാസ്സ് ടീച്ചറായി വരുന്നത് ദീപ ടീച്ചറാണ് . ടീച്ചറിനെ എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു . അങ്ങനെ ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു പോയത് ഞാൻ അറിഞ്ഞില്ല . ഒടുവിൽ കൊല്ലാവസാന പരീക്ഷയും എത്തി . ഒരു സമ്മാനം പോലെ ടൈം ടേബിളും എന്റെ കൈയിൽ എത്തി. പരീക്ഷയുടെ അവസാനദിവസം എനിക്ക് വളരെ വിഷമം ഉണ്ടായിരുന്നു . പിന്നീട് ഒരു കാത്തിരിപ്പായിരുന്നു . അങ്ങനെ സ്‌കൂൾ തുറക്കുന്നതിന്റെ പിറ്റേന്ന് രാത്രിയോടു വിട പറഞ്ഞു പ്രഭാതത്തെ വരവേൽക്കാനായി ഞാൻ കാത്തിരുന്നു . പ്രഭാതം പൊട്ടി കിളിർത്ത് കിഴക്ക് സൂര്യൻ വന്നു തുടങ്ങി . ഞാൻ സ്‌കൂളിലേക്കും . എന്റെ കൊച്ചു കൂട്ടുകാർ എനിക്കുവേണ്ടി കാത്തുനിൽക്കുന്നുണ്ടായിരുന്നു . ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു പോയി . ഒരിക്കൽ ജീന ടീച്ചർ എന്നോട് ഒരു ചോദ്യം ചോദിച്ചു . പക്ഷേ എനിക്കു ഉത്തരം പറയാൻ കഴിഞ്ഞില്ല . അന്നു ടീച്ചർ എന്നെ അടിച്ചതും എന്റെ ഓർമ്മകളിൽ ഇന്ന് അതൊരു തമാശയാണ് .

" ഓർമ്മതൻ പുസ്തകത്തിലെ ചിറകറ്റു പോകാത്ത പക്ഷികളെപ്പോലെ നല്ല നല്ല അനുഭവങ്ങളും സന്തോഷങ്ങളും നിറഞ്ഞ ഈ കലാലയ ജീവിതം എന്നും ഞാൻ എന്റെ ഹൃദയത്തിൽ സൂക്ഷിക്കും ."



ജോയൽ സാബു
7 A

# മഴച്ചൊല്ലുകൾ

൦ മഴയില്ലേൽ പുഴയുമില്ല.
൦ മഴയില്ലെങ്കിൽ വഴി പെരുവഴി.
൦ മഴയിമഴക്കൊമ്പ് പുഴക്കാമ്പ്.
൦ മഴയ്ക്കഴക് കുറവ് , മഴതരുമഴകിന്റെ നിറവ്.
൦ മഴ പൊഴിഞ്ഞില്ലേൽ പുഴ കുഴിയും.
൦ മഴ താഴേക്ക് പുഴ കിഴോട്ട്.
൦ മേലാറു കനിഞ്ഞാലേ കീഴാറു കവിയൂ.
൦ ആയിരം വേനലിന് അരമഴ
൦ ഇടവത്തിലിടിവെട്ടും മിഥുനത്തിൽ അടിതട്ടും.
൦ ഇടവപാതി കഴിഞ്ഞാൽ ഇടവഴിയിലും വെള്ളം.
൦ ഇടവത്തിൽ പാതി വർഷം.
൦ അശ്വതീൽ ചന്നം ചന്നം ഭരണീൽ പിന്നംപിന്നം.
൦ കാർത്തിക കഴിഞ്ഞാൽ കുട വേണ്ട.
൦ കാർത്തിക വിളക്കു കണ്ടാൽ മഴ കിഴക്ക്.
൦ കാലത്തു വന്ന മഴയും അന്തിക്കു വന്ന വിരുന്നും.
൦ കാലവർഷം കണ്ട് ഓടിയോനും ത്ലാവർഷം കണ്ട് നിന്നോനും വെറുതെ.
൦ കുംഭത്തിൽ മഴ പെയ്താൽ കുപ്പിയിലും പൊന്ന്.
൦ ചിങ്ങമഴ ചിരിച്ചും കരഞ്ഞും.
൦ മുച്ചിങ്ങം മച്ചിങ്ങ,

ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല.

൦ ചോതി വർഷിച്ചാൽ ചോറോച്ചു ചോറ്.

൦ തിരുവാതിര മഴയിൽ തിരുമുറ്റത്തും തുപ്പാം.

൦ തിരുവാതിരയിൽ തിരിമുറിയാതെ.

൦ ത്‌ലാം പത്തു കഴിഞ്ഞാൽ പ്‌ലാംരൊത്തിലൊളിക്കാം.

൦ തെക്കോട്ടടിച്ച മഴ തിരിച്ചില്ല.

൦ ദണ്ണിക്കാറ്റൂതിയാൽ തണ്ണി താഴത്ത്.

൦ പനി പെയ്താൽ മഴയില്ല പഴമിരുന്നാൽ പൂവില്ല.

൦ പുണർമഴ പുളിപ്പിക്കും.

൦ പുണർത്തത്തിൽ പോത്തിൻ പുറത്ത് പുല്ല്.

൦ പൂയം പുതുക്കിപ്പുതുക്കി.

൦ പെയ്തു കൊടുക്കും കൊയ്ത്തും കൊടുക്കും.

൦ വഴിയടച്ചിട്ടു പഴി മഴയ്ക്ക്.

൦ പെരുമഴ പെരുമ്പറ കൊട്ടി.

൦ കന്നിമഴയിൽ കുന്നോളം.

൦ മാരി കടമിടില്ല.



ദുർഗ്ഗ . ജിജോ
8 A

# പ്രഭാതം

ഉയർന്നു വന്നു കുന്നിൻ മീതെ
നവ പുലരി കിരണങ്ങൾ
പൂവും കായും തേൻ കനി-
കളും നിറഞ്ഞു നിന്നു നൽ ഭൂമി വല്ലിക്കാടുകളാക്കുഞ്ഞി
കരങ്ങളാട്ടി നൃത്തമാടി
കതിരിൻ കുട്ടങ്ങളാ നേരം
സ്വർണ്ണ പട്ടാടയണിഞ്ഞു
അങ്ങനെ ഒരു പ്രഭാതം
കൂടി വന്നണഞ്ഞു

# കവിയുടെ കാല്പാടുകൾ തേടി....




## പി. കുഞ്ഞിരാമൻനായർ അനുസ്മരണം



അക്ഷയ .സി .പ്രകാശ്
8 A

# നാടൻ പാനീയങ്ങൾ

## പച്ചമാങ്ങ ജ്യൂസ്

ചേരുവകൾ

1 പച്ചമാങ്ങ ചെറുതായി മുറിച്ചത് - ഒരു കപ്പ്

2 തണുത്ത വെള്ളം - ഒരു കപ്പ്

3 ഇഞ്ചി -ഒരു കഷണം

4 പഞ്ചസാര -ആവശ്യത്തിന്

തയാറാക്കുന്ന വിധം : ചേരുവകൾ ഒന്നിച്ച് ചേർത്ത് മിക്സിയിൽ

അടിച്ചെടുക്കുന്നതിനുശേഷം അരിച്ച് ഉപയോഗിക്കാം.

# കഞ്ഞിവെള്ളം ജ്യൂസ്

ചേരുവകൾ

1 തവിടുള്ള അരിയുടെ കഞ്ഞിവെള്ളം

2 ബീറ്റ്റൂട്ട്

3 പഞ്ചസാര

4 ഇഞ്ചി

5 പുതിന ഇല

6 ഉപ്പ്

തയാറാക്കുന്ന വിധം : രണ്ടു മുതൽ ആറു വരെയുള്ള ചേരുവകൾ എല്ലാം കൂടി മിക്സിയിൽ അടിച്ചെടുക്കുന്നതിനുശേഷം കഞ്ഞിവെള്ളവും ചേർത്ത് അരിച്ചെടുത്ത് ഉപയോഗിക്കാം.



*ആഷ്ന രാജു*
*10B*

# എന്റെ കേരളം

എത്ര സുന്ദരം നയന മനോഹരം
എന്റെയി കൊച്ചു കേരളം
കേരകേരളി തൊട്ടുണരുന്ന
നാടാണ് എൻ കേരളം
കാറ്റിലുലയുന്ന കേരനിരകളും
കായൽ ഓളങ്ങളും
നിറഞ്ഞ എൻ കേരളം
എത്രയെത്ര കവികൾ തൻ
ജന്മനാടെൻ കേരളം
എത്രയെത്ര കലകൾക്കു
ജന്മനാടെൻ കേരളം
*ഇത്രയും സുലഭിലമായെൻ കേരളമേ*
*നിന്നിൽ ഞാൻ അഭിമാനിക്കുന്നു*



രമ്യ കെ എസ്
10 B

# നമുക്ക് അമ്മ മാതൃഭാഷ തന്നെ

ഫെബ്രുവരി 21 'അന്തരാഷ്ട്ര മാത്രഭാഷാ ദിനം'. 2018 – ലെ മാത്രഭാഷാ ദിനം 19 - ാം മത് വർഷത്തിലേക്ക് കടക്കുകയാണ്. ഒരു നാടിന്റെ ചരിത്രത്തിലും സംസ്കാരത്തിലും പാരമ്പര്യത്തിലും നാട്ടുഭാഷയ്ക്കും മാതൃഭാഷയ്ക്കുമുള്ള ആഴം മറ്റൊരുഭാഷയ്ക്കും ഉണ്ടാവില്ല . ഒരു മനുഷ്യനെ സാക്ഷരനാക്കാനും ഒരു ജനതയെ പുരോഗതിയുടെ പാതയിലേക്ക് നടത്താനും കഴിയണമെങ്കിൽ നാട്ടുഭാഷയിലൂടെ മാത്രമേ അത് സാധിക്കാൻ കഴിയുകയുള്ളൂ .

മുലപ്പാലിനൊപ്പം രുചിച്ചറിയുകയും തിരിച്ചറിയുകയും ചെയ്യുന്ന ഭാഷയാണ് ഒരോ പൗരന്റെയും മാതൃഭാഷ . നമ്മൾ കേരളീയർക്കെന്നും മുലപ്പാലോളം മധുരം എന്നും 'മലയാള' ത്തിനു തന്നെ . സ്നേഹവും സാഹോദര്യവും കലർന്നതാണ് മാതൃഭാഷ .

" നിങ്ങൾ ഏതെങ്കിലും ഒരു ഭാഷയിൽ ഒരാളോട്
സംസാരിച്ചാൽ അത് അയാളുടെ തലയിലേക്കാണ്
പോകുന്നത്, എന്നാൽ നിങ്ങൾ അവന്റെ ഭാഷയിൽ
അവനോട് സംസാരിച്ചാൽ അത് അവന്റെ ഹൃദയ
ത്തിലേക്കാണ് ചെല്ലുന്നത്. "

കറുത്ത വർഗ്ഗത്തിന്റെ മോചന പോരാളിയായ നെൽസൺ മണ്ടേലയുടെ വാക്കുകളാണിവ . ലോകത്തെ ഏതൊരു മനുഷ്യനും തന്റെ ആശയങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കാൻ ആകുന്നത് മാതൃഭാഷയിലൂടെ മാത്രമായിരിക്കും .അതുകൊണ്ടായിരിക്കാം മാതൃഭാഷ-യയെ ഹൃദയത്തിന്റെ ഭാഷ എന്നു വിശേഷിപ്പിക്കുന്നത് .

# തിരിച്ചുപിടിച്ച ഓർമ്മകൾ....




## തപാൽ ദിനം

# മാതൃത്വം



ജിൻസി സാജൻ

10 B

ആദ്യമായി എന്നെ ഉദരത്തിൽ
വഹിച്ച ജനനി തായേ .........
നിന്റെ ഓർമ്മയിൽ ഞാൻ
താരാട്ടുപാട്ടിന്റെ മാധുര്യമാണ് നുകരുന്നത് .

ആദ്യാക്ഷരം നുകർന്നു തന്ന
നിന്റെ ഈ സ്നേഹ പരിലാളനയിൽ
ഞാൻ മുങ്ങി നിവർന്നു കൊള്ളട്ടെ
നോവാർന്ന എൻ മേനിയിൽ
കരസ്പർശമമർത്തുന്ന എൻ അമ്മേ ......
മറക്കില്ല ഞാൻ മറക്കാനനുവദിക്കില്ല
**നിൻ സാന്ത്വനം**



വിസ്മയപ്രഭാകരൻ
10 B

# അമ്മ പഠിപ്പിച്ചവ

ഒരോ മുള്ളിനപ്പുറം
പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചന്നെ
വളർത്തിയോളമ്മ

കുറുമ്പുകൾ  വന്നെന്റെ
ചോരയിറ്റിക്കേ  ..... ഒരു
ചിരിപ്പു വിടർത്താൻ
കരുത്ത് തന്നവൾ

കറുത്ത  രാത്രികൾ
കാലു തെറ്റിക്കേ.....ഒരു
പൂനിലാവെട്ടമായ്
കാൽ നടത്തിയോൾ

സഹനകാലത്തി -

ന്നിടവപ്പാതിയിൽ
മഴ നനക്കാതെൻ
താങ്ങായ് നിന്നവൾ.....



അന്ന റെജി
9 A

# തെംസ്നദിയോട്"

സുഗതകുമാരിയുടെ 'തെംസ്നദിയോട്"എന്ന കവിതയിലെ ഒരു ഭാഗമാണിത്. ആരോ പറയുകയാണ് തെംസ്നദീ നിന്നോട് മൂകാനുരാഗം കലർന്നൊരാൾ വന്നു. ആകെ ഇരുണ്ട് തളർന്ന് ഒഴുകുന്ന നിന്റെ യാതന കണ്ട് ആ മിഴകൾ നിറഞ്ഞു. നദിയെ രക്ഷിക്കാൻ ശുദ്ധീകരിക്കാൻ ജീവിതം മനോഹരമാക്കാൻ ജീവജാലങ്ങളെയും സംരക്ഷിക്കാൻ ഒരു മനുഷ്യൻ.

തെംസ്നദിയോട് പുഞ്ചിരിച്ചു തുടങ്ങി കണ്ണഞ്ചിപ്പിക്കുന്ന പ്രഭയോടെ മാലിന്യവിമുക്തമായ തെംസിൽ സാമണ മത്സ്യം നീന്തിത്തുടിച്ചു. ജീആർത്തുല്ലസിച്ചു.



ഫാ. മനു ജോർജ്ജ്
അദ്ധ്യാപകൻ

# അച്ചടക്കത്തോടെ... ഒന്നിച്ച്

അച്ചടക്കവും രാജ്യസ്നേഹവും സാഹോദര്യവും വളർത്തിയെടുക്കാനാണ് എൻസിസി എന്ന സംഘടന .സ്ക്രൂളുകളിലും കോളജ്ജുകളിലും സജ്ജീവമാണ് ഈ പ്രസ്ഥാനം .1965-71 കാലങ്ങളിൽ ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധത്തിൽ ഇന്ത്യൻ സൈന്യത്തിന്റെ രണ്ടാം നിരയായി നിന്ന് രാജ്യത്തിനുവേണ്ടി പോരാടിയ ചരിത്രമുള്ള സംഘടനയാണ് നമ്മുടെ എൻസിസി (National Cadet Corps)

## ലക്ഷ്യങ്ങൾ

എൻസിസിയുടെ ലക്ഷ്യങ്ങളെ പ്രധാനമായും രണ്ടായി തരംതിരിക്കാം .
1.സ്വഭാവം ,ധൈര്യം ,സൗഹ്ദം ,അച്ചടക്കം ,നേത്രുത്വഗുണം ,മതേതര കാഴ്ച്ചപ്പാട് എന്നിവയിലധിഷ്ഠിതമായ വ്യക്തിത്വമുണ്ടാവുക .കാര്യക്ഷമവും സാഹസികവുമായ പ്രവർത്തനങ്ങൾ സ്വന്തം താൽപര്യത്തെക്കാളുപരിയായി രാജ്യത്തിനുപകരിക്കുന്ന വിധത്തിൽ ജനങ്ങൾക്കുവേണ്ടി ഏറ്റെടുക്കുക .
2.ഐക്യത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ മനുഷ്യവിഭവശേഷിയെ രാജ്യത്തിനായി ഉപയുക്തമാക്കുക .കായികവും സായുധവുമായ പരിശീലനങ്ങളിലൂടെ യുവജനശേഷിയെ ദേശസേവനത്തിന് സദാ സജ്ജരാക്കി നിലനിർത്തുക

## ഗാനം ,യൂണിഫോം ,ആപ്തവാക്യം

സുദർശൻ ഷാക്കിർ രചിച്ച 'ഹംസബ് ബഡിയ' എന്ന ഗാനം 1982 മുതലാണ് എൻസിസി ഗാനമായി അംഗീകരിച്ചു .പ്രത്യേക എൻസിസി എംബ്ലവും ഖാദിയിൽ തീർത്ത യൂണിഫോമും അച്ചടക്കവും(Unity and Discipline)എന്നതാ ണ് സംഘടനയുടെ ആപ്തവാക്യം

## രൂപികരണം,ഘടന

1948 ലെ എൻസിസി നിയമമനുസരിച്ച് സംഘടനയുടെ രൂപികരണം.നവംബർ 24 ന് ആദ്യ യൂണിറ്റ് അന്നത്തെ പ്രധാനമന്ത്രിജവഹർലാൽ നെഹ്റു ഉദ്ഘാടനം ചെയ്തു. കേന്ദ്ര പ്രതിരോധ
മന്ത്രാലയത്തിനു കീഴിലാണ് എൻസിസി പ്രവർത്തിക്കുന്നത് .ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയുടെ ഇപ്പോഴത്തെ മേധാവി ലഫ്.ജനറൽ പി .എസ്.ഭല്ലയാണ് .രാജ്യത്ത് 17 ഡയറക്ടറേറ്റുകളും 788 യൂണിറ്റുകളും മൂന്നു സർവീസ് ഗ്രൂപ്പുകളുമാണ് എൻസിസിക്കുള്ളത് .13 ലക്ഷത്തോളം കേഡറ്റുകൾ പരിശീലനം നടത്തുന്നു .ഓരോ ഡിവിഷനിലും ചുരുങ്ങിയത് 33%കേഡറ്റുകൾ വനിതകളായിരിക്കണം .കേരളവും ലക്ഷദ്വീപും തിരുവനന്തപുരത്തെ ഡയറക്ടറേറ്റിനു കീഴിലാണ് .

# സ്ക്കൂൾ തലം

ഹയർ സെക്കൻഡറിയിൽ പ്ല വ ,ടൂ എന്നിവയിലുള്ളവയെ സീനിയർ ഡിവിഷൻ/വിങ് എന്നു പറയുന്നു .(കോളേജുകളിലും ഈ പേരാണുള്ളത്).ഹൈസ്ക്കൂളുകളിൽ എട്ട് ,ഒൻപത് ക്ലാസുകളിൽ പഠിക്കുന്നവരായിരിക്കും എൻസിസി കേടറ്റുകളായിരിക്കുന്നു .ഇതു ജൂനിയർ ഡിവിഷൻ/വിങ് എന്നറിയപ്പെടുന്നു .എൻസിസി ചുമതല വഹിക്കുന്ന അധ്യാപകരെ അസോസിയേറ്റഡ് എൻസിസി ഓഫിസർ (ANO) എന്നാണ് വിളിക്കുക .

## പരിശീലനം ,ക്യാപുകൾ

സ്ക്കൂളുകളിൽ കെഡറ്റുകളെ പരിശീലിപ്പിക്കാൻ സൈനിക ഉദ്യോഗസ്ഥരുടെ സേവനവുമുണ്ട് . സായുധ പരിശീലനവും മലകയറ്റവുമടക്കമുള്ള സാഹസിക പരിശീലനവും എൻസിസി അംഗങ്ങൾക്കു നൽകുന്നു . സ്ക്കൂളുകളിൽ രണ്ടു

വർഷത്തിൽ പരേഡുകളിൽ 75 ശതമാനവും കൂടുതലും ഹാജരുണ്ടെങ്കിൽ പൊതുപരീഷയിൽ അഞ്ചു ശതമാനം മാർക്ക് കൂടുതൽ ലഭിക്കും . ദേശീയതലത്തിൽ നടത്തുന്ന കേന്ദ്രീകൃത സംഘാട ക്യാപുകളിൽ (Centrally Organised Camps)പങ്കെടുക്കുന്നവർക്ക് പത്തു ശതമാനം ഗ്രേ് മാർക്ക് ലഭിക്കുന്നു . പ്രതിരോധം , പൊലീസ് തുടങ്ങിയവയിലെ നിയമനത്തിന് പ്രത്യേക പരിഗണന എൻസിസി അംഗങ്ങൾക്കുണ്ട്



മഞ്ജു വർഗ്ഗീസ്
അദ്ധ്യാപിക

# എനിക്കായൊരിടം

ഹൃദയം സ്വകാര്യം പറഞ്ഞു.
പതുക്കെ...വളരെ പതുക്കെ...
വ്യക്തമായി കേട്ടിട്ടും ഞാൻ...
തിരിഞ്ഞു നടന്നു...
എന്റെ സ്വപ്നങ്ങളിൽ നിന്ന...
ഉൾവലിഞ്ഞ എന്നിൽ...
ഉഗ്രമായി മുരളുന്നൊരു.
മുറിവേറ്റ കാട്ടുകടന്നലുണ്ട്...
കുറിഞ്ഞിപൂത്തപ്പോഴെല്ലാം
കണ്ണുകളിറുക്കിയടച്ചവൾ...
തനിച്ചിരുന്ന പാടിയ കിളികുഞ്ഞും
വസന്തം സ്വപ്നം കണ്ടിരുന്നു..
ഉഷ്ണത്തിന്റെ  മുത്തുകൊരുത്തമാല
സ്വയം മനസ്സിലണിഞ്ഞവൾ
വിചാരണകൾക്കെല്ലാം ഒടുവിൽ
വിധിയെന്ന ഹൃദയമില്ലാത്ത വേട്ടക്കാരി.
പൊള്ളുന്ന തിരിച്ചറിവിലേക്കെന്നെ
തള്ളിയിറക്കി വിട്ടു......
ഹൃദയം പറഞ്ഞ സ്വകാര്യം.....
അന്ന് ഞാൻ കേട്ടില്ലല്ലോ.....
ചന്ദനഗന്ധമുള്ള ബാല്യം ഞാൻ
ഉടച്ചുകളഞ്ഞായിരുന്നു.....



നിമ്മി ജോസ്
10 A

# സ്നേഹസ്പർശം

നീ കൂടെ പാടും നേരം മയിലാക്കാം ഞാൻ
നീ കൂടെയാടും നേരം തുണയാകാം ഞാൻ
നീ പെയ്യും മഴയിൽ കുളിരാക്കാം ഞാൻ
നിയെന്റെ മത്രമെന്ന് കരുതീടാം ഞാൻ
ഓർമ്മയിൽ നിൻ മുഖം മാത്രം
അത്രമേൽ നിന്നെ ഞാൻ അറിയുന്നു
കണ്ടിട്ടും കാണാതെ ആ മൌനം
അറിഞ്ഞിട്ടും അറിയാതെ ആ സ്നേഹം
കൊതിക്കുന്നു ഞാൻ നിൻ സ്നേഹം
കാത്തിരിക്കുന്നു നിനക്കായ് ഞാൻ......



അക്ഷയ സുനിൽകുമാർ
10 A

# വീണ്ടും ഒരു ദർശനം

ആയിരക്കണക്കനാളുകൾ നടന്നുപോയ ആ വഴിയേ അയാളും അന്ന് നടക്കാൻ തുടങ്ങി . മുൻപേ പോയവർ ഉപേക്ഷിച്ച ചില
വസ്തുക്കൾ അവിടവടെയായി വഴിയിൽ കിടന്നിരുന്നു ഒരു പേന ,കടലാസുതുണ്ടുകൾ ,കുന്തങ്ങൾ......അയാൾ അതൊന്നും കണ്ടില്ല ,ശ്രദ്ധിക്കാൻ ശ്രമിച്ചുമില്ല .അയാളുടെ മനസ്സ് ക്രൂടുവിട്ടുയർന്ന ഒരു പക്ഷിയുടെ ചിറകടി കണ്ടു .അതിനുപിന്നാലെ അയാളുടെ മനസ്സും പറന്നു .അപ്പോഴും അയാൾ ഏകനായി നടക്കുകയായിരുന്നു .

അയാളുടെ മനസ്സ് പക്ഷിയുടെ പിന്നാലെ പോയിപ്പോയി ഒരു പുതിയ ലോകത്തെത്തി .അവിടെ അയാൾ കണ്ടെത്തിയ മനുഷ്യരൊക്കെ മഹാന്മാരായിരുന്നു .അതൊക്കെ അയാൾ കണ്ടറിഞ്ഞ് അവരുടെ വാദപ്രതിവാദങ്ങളിൽ പങ്കുചേർന്നു .ചില ആശയഗതികൾ അയാൾ സമ്മതിച്ചു .ചില കാര്യങ്ങൾ അയാൾക്ക് മനസ്സിലായില്ലെങ്കിലും അയ്യാളുടെ ബുദ്ധിക്കു സ്വീകാര്യമായിത്തോന്നിയില്ല അതുകൊണ്ട് തന്നെ അവ അയാൾ  ഉപേക്ഷിച്ചു.

അയാളുടെ യാത്ര അവസാനിച്ചിരുന്നില്ല .ആ യാത്രികന്റെ മനസ്സ് തന്റെ രാജ്യത്തെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങി .രാജ്യത്തിനു
വേണ്ടി പ്രവർത്തിക്കണം എന്ന ചിന്ത അയാളിൽ ഉൽഭവിച്ചു പ്രവർത്തനം ഏതു രീതിയിലുള്ളതായിരിക്കണം? ഉത്തരം മാത്രം കിട്ടിയില്ല .എങ്കിലും അയാളുടെ പ്രവർത്തനങ്ങളെ സ്വീകരിക്കുവാനെന്നപോലെ രാജ്യം നീണ്ടു നിവർന്നു കിടന്നു .പ്രവർത്തനങ്ങൾ പണ്ടു മുറയ്ക്കു
നടന്നതാണ്.നടന്നുകൊണ്ടിരിക്കുകയുമാണ് അതല്ലല്ലോ ?.......

അപ്പോളാദ്യമായി അയാൾ തന്നെ നോക്കി .താനൊരു മനുഷ്യനല്ല .ഒരാത്മാവാണ് ! ആരാണ് താൻ ?എന്താണു തന്റെ ലക്ഷ്യം ?അയാൾ നോക്കുമ്പോൾ ആ രൂപം മെല്ലെ തിരിഞ്ഞു .ആ മുഖം കണ്ട് അയാൾ സ്തബ്ധനായിപ്പോയി .ഒരു ശിശുവിന്റേതുപോലെ....... ഒരു വൃദ്ധന്റെ മുഖം ആ നിഷ്കളങ്കത അയാളെ പിടിച്ചുലച്ചു .ആ മുഖം ഒരു ഭിക്ഷുവിന്റേതായിരുന്നു .പല്ലില്ലാത്ത മോണകാട്ടി ഭിക്ഷു ചിരിച്ചു .അപ്പോൾ അയാൾക്ക് താനാരാണെന്ന് മനസ്സിലായി .അയാളറിയാതെ .........
ബോധം നശിച്.........നിലം പതിച്ചു .

# അനുഭവങ്ങളെ, ആശിസ്സുകളെ ചേർത്തുപിടിച്ച്....




വയോജന ദിനം



ദേവിക സത്യൻ
10 A

# വേദന

അഗ്നിയായ് പെയ്യുന്ന മഴയാണ്
കണ്ണുനീർ

തോരാ ദു :ഖത്തിൻ നിഴലാണു
കണ്ണുനീർ
അഗ്നിയായ് ചുട്ടുചാമ്പലാക്കും
നീർ
ചങ്കിനുള്ളിലെ നിശ്വാസമാം
നീർ
കരളിലെ ചോരയായ് ഒഴുകുന്ന
നീർ
വിലയില്ലാത്തതായ് തള്ളുന്ന-
തെന്തു നിങ്ങൾ
മൂഢരെ ,അറിയുക സത്യമീ...
കണ്ണുനീർ
അറിയില്ല നിങ്ങളെൻ
പ്രാണൻ തുടിപ്പ്
അറിയുവാൻ മനസ്സില്ല ,ഹൃദയമില്ല !



ലാവണ്യ ശശി
10 A

# മറന്നുവെച്ച ബാല്യം

ഓമന പുലരികൾ വിടരും
തിരുവോണ പുലരികൾ കണ്ടുണരുന്ന ബാല്യം.
പൂക്കുട നിറയ്ക്കുവാൻ പാടത്തുംവര -
മ്പത്തും ഓടി നടന്ന ബാല്യം .
ആരോ മറന്നുവെച്ച ബാല്യം .
ചിറകുകൾ വിരിയുന്ന നാളിൽ പറ -
ന്നുയരാൻ മോഹിച്ച ബാല്യം.
വിഷുക്കാല പുലരിയെ വര -
വേൽക്കാൻ കണിക്കൊന്നകൾ പൂക്കും കാലത്ത്
താനും ഒരു കണിക്കൊന്നയായി
മാറുന്നു ബാല്യം
എന്നോ ഞാൻ മറന്നുവെച്ച ബാല്യം
ബാല്യമേ.....നീ അണയാതെ എന്റെ പക്കൽ
ഇരിക്കുവിൻ എന്റെ മാത്രം ഓർമ്മകളായി .



അനിക കെ .ആർ
8 A

# എന്റേതു മാത്രം നീ

നീയും ഞാനും തമ്മിൽ ചെരു -
ന്നോരഴകായ്
നീയില്ലങ്കിൽ ഞാനില്ല............
സ്വപ്നങ്ങൾ പൂവണിയാൻ
വാ.......നീ.....
ഇതുവരെ അറിയാത്ത പുലരിയിൽ
ഞാൻ.........
നിന്നെ പ്രതീക്ഷിച്ചുണർന്നു
അനുരാഗം പടർത്തുന്ന നിൻ
മൊഴികൾ
നിൻ വിരൽ തുമ്പാൽ
തൊട്ടുണർത്തി
ആ രാഗവും താളവും നാമായ്
മാറി........
നീയാം ചരണത്തിൻ പല്ലവിയായ്
ഞാൻ.........
പ്രാണനായകാ.....പ്രേമഗായകാ.....
നിന്റെ മൗനം അറിയുന്നു നിന്നെ
അറിയുന്നു .
എൻ ദു :ഖത്തിൻ കനവിലെ
സന്തോഷം നീ........
അരികത്തായെത്തുമ്പോൾ നിന്നിൽ
ചേരുന്ന

# വെളിച്ചം



അഞ്ജന പി .എം
8 A

അധ്യാപകർ തൻ ശാസന
ഏറ്റുവാങ്ങുനിതാ
നിത്യവും പൂജിക്കും അർച്ചനാ....
പൂക്കളായ്
നിത്യേന പാഠം പഠിപ്പിച്ചു
തന്നോരാ....
നന്മയാം ദിവ്യ മഹാ
മഹത്വത്തെ
ഗുരു മഹാ ജനങ്ങളെ നിങ്ങൾക്ക്
വന്ദനം
എന്നും ഹ്രദയത്തിൽ കുടി -
ക്കൊള്ളും ഈശ്വരാ...
സത്യവും നീതിയും ചൊല്ലി
പഠിപ്പിച്ച
ഈശ്വര സ്നേഹം ഉണർത്തിയ
നന്മയെ....
പാടിടുന്നു ഞാൻ നിന്നുടെ
കീർത്തി

# എന്റെ നന്മയുടെ ഇത്തിരി വെട്ടം സഹപാഠിക്ക്



# ജീവിതമാകുന്ന യാത്ര



ബെൻസൺ ഷിബു
9 B

അന്നത്തെ രാത്രിക്ക് ഇരുട്ട് കൂടുതൽ ആയിരുന്നു. അവന്റെ മനസ്സ് പോലെ തന്നെ. ജീവിതത്തിൽ ആഗ്രഹിച്ചതെല്ലാം നഷ്ടമായ അവന്റെ മനസ്സിൽ ഒരു കൊടുങ്കാറ്റ് തന്നെ അടിച്ചിരുന്നു. സ്വന്തം പേര് അഭിമന്യുവെന്നാണങ്കിലും യുദ്ധത്തിൽ പോരാടിയല്ല താൻ മരിക്കാൻ പോകുന്നതെന്ന് അവൻ ഓർക്കാൻ മറന്നില്ല. താൻ തന്റെ ജീവിതത്തോട് തോറ്റ് പിൻമാറുകയാണോ എന്ന് അവൻ സ്വയം ചോദിച്ചു. ഇന്ന് ഈ റെയിൽവേട്രാക്കിന് മുന്നിൽ നിൽക്കുമ്പോൾ തനിക്ക് നഷ്ടമായത് ഓരോന്നായി അവന്റെ മുന്നിൽ വന്നു നിന്നു. തന്റെ പന്ത്രണ്ടാം വയസ്സിൽ തന്നെ എന്നന്നേക്കും ആയി ഉപേക്ഷിച്ചു പോയ അമ്മ അവനെ ആദ്യമായി വിരഹത്തിൽ ആഴ്ന്ന എന്നാൽ അന്ന് അവനെ അതിൽനിന്ന് കരകയറാൻ സഹായിച്ചത് അവന്റെ സ്നേഹവും കരുതലും ആയിരുന്നു. കൂലിപ്പണിക്കാരനായ ഏകജാതനായ പുത്രനായിരുന്നതിനാൽ അവനായിരുന്നു ഏക പ്രതീക്ഷ. അതിനാൽ തന്നെ അച്ഛനെ നിരാശപ്പെടുത്താതെ അവൻ നല്ലരീതിയിൽ പഠിച്ചു. ജോലികിട്ടാറായപ്പോൾ അവന്റെ അചഛൻ ഒരു അപകടത്തിൽ അവനെ ഉപേക്ഷിച് പോയി. ഇതു അവനെ തളർത്തി ജോലിക്ക് ഒരു നിബന്ധനയുണ്ടായിരുന്നു. ആദ്യത്തെ മാസം ഒറ്റ ലീവ് പോലും പാടില്ല എന്ന് പക്ഷെ തന്റെ അച്ഛന്റെ മരണം മൂലo ആ ജോലിയും നഷ്ടമായി. അവൻ വീണ്ടും ജോലികൾക്ക് ശ്രമിച്ചുകൊണ്ടേയിരുന്നു പക്ഷേ ഒന്നും ശരിയായില്ല. കടം കയറി വീട്o പോയി

ആകെ ഒറ്റക്കായ അവസ്ഥ. തന്റെ അച്ഛന്റെയും അമ്മയുടെയും ഒരു പ്രണയവിവാഹമായതിനാൽ അവന് തുണയായി വീട്ടുകാർ പോലും ഉണ്ടായിരുന്നില്ല. അതിനാൽ അവന് പ്രണയത്തോട് വെറുപ്പായിരുന്നു. പ്രതീക്ഷ അറ്റ അവൻ റെയിൽവേ ട്രാക്കിൽ എത്തി തന്റെ ജീവിതം ഇങ്ങനെ കണ്ണിന്റെ മുന്നിൽ പോയി തീർന്നപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു. താൻ എന്നാണ് ഇനി ചെല്ലേണ്ടതെന്ന് അത് ഓർത്തു പോയി . അന്നേരം നേർത്ത വെട്ടം അവന്റെ കണ്ണുകളിലേക്ക് അടിച്ചു ആ വെട്ടം അവന്റെ കൺമുന്നിലെ ഇരുട്ട് മാത്രമല്ല മനസ്സിലെ ഇരുട്ട് . ഏതാണ്ട് കുറഞ്ഞതുപോലെ അവന് തോന്നി അവൻ ആ വെട്ടത്തെ നോക്കി അതൊരു ടോർച്ചിൽ നിന്നാണ്. ടോർച്ച് പിടിച്ചിരുന്നത് ഒരു പെൺകുട്ടിയായിരുന്നു . അവർ അന്യോന്യം നോക്കി ഒരു ചെറുപുഞ്ചിരിയോടെ അവൾ അഭിമന്യുവിനെ നോക്കിയിട്ട് അവനെ കടന്ന് നടന്നു.സമയംവെളുപ്പിന് നാലുമണി.അവളോടായി ചോദിച്ചു ഇതുവഴി ഇനി എപ്പോഴാ ട്രെയിൻ വരുന്നത് ?അവർ തിരിഞ്ഞു നിന്നേച്ചും പറഞ്ഞു അരമണിക്കൂർ കഴിഞ്ഞു വരും.അവൻ അവളെ ശ്രദ്ധിച്ചു നോക്കി ഏകദേശം ഇരുപത്തിരണ്ടു വയസ്സു തോന്നിക്കുന്നു മുഖത്ത് സൗമ്യതയും പുഞ്ചിരിയും നിറഞ്ഞു നില്ക്കുന്നു. അവർ അവനോടായി ചോദിച്ചു എന്തിനാ ചാടാനാണോ?അവന്റെ മൗനം അവൾക്ക് ഉത്തരം നൽകി.തിരിച്ചു നടക്കുന്നതിനിടയ്ക്ക് അവൾ അവനെ പറ്റി ഓർത്തു സുമുഖനായ ഒരു ചെറുപ്പക്കാരൻ എന്തിനിങ്ങനെ ഒരു വഴി തിരഞ്ഞെടുക്കണം എന്നു ആലോചിച്ചു. അവൾ പാലു കൊണ്ടുപോയി കൊടുത്തിട്ട് അവനെ ഇതിൽ നിന്ന് പിൻതിരിപ്പിക്കാം എന്ന് ഓർത്തു. എന്നാലും ഒരു പരിചയവും ഇല്ലാത്ത ഒരാളോട് തനിക്ക് എന്താണ് ഇങ്ങനെ തോന്നാൻ എന്ന് ഓർക്കാൻ അവൾ മറന്നതും ഇല്ല .



മഞ്ജു .കെ .ചെറിയാൻ

അദ്ധ്യാപിക

# ഹരിതസേന

ആരക്കുന്നം സെന്റ് ജോർജ്ജസ് ഹൈസ്‌കൂൾ ഹരിതസേനയുടെ ആഭിമുഖ്യത്തിൽ വിഷമില്ലാത്ത പച്ചക്കറി ഉല്പാദിപ്പിക്കാനുള്ള തീരുമാനത്തിലെത്തി .ഒരു ക്ലാസിൽ ഒരു പച്ചക്കറിത്തോട്ടം എന്നതായിരുന്നു ആശയം കുട്ടികളും അദ്ധ്യാപകരും ചേർന്ന് വിത്ത് ശേഖരണവും തൈ ശേഖരണവും നടത്തി .മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിങ് കമ്മിറ്റി  പേഴ്സൺ സുദ രാജേന്ദ്രൻ പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു .ചടങ്ങിൽ സ്‌കൂൾ മാനേജർ ശ്രീ സി.കെ.റെജി അദ്ധ്യക്ഷത വഹിച്ചു .

വിത്ത് വിതച്ച് അത് പാകപ്പെടുന്നതുവരെ ഹരിതസേന അംഗങ്ങൾ അതിനെ സംരക്ഷിച്ചു .സമയാസമയത്ത് വെള്ളവും വളവും നൽകിയ പച്ചക്കറി ഓഫീസർ ശ്രീമതി .ജോൽസ്ന .പി വിളവെടുപ്പ് ഉദ്ഘാടനം നടത്തി .





ഡെയ്സി .വർഗ്ഗീസ്
അദ്ധ്യാപിക

# ആധുനികലോകത്തിൽ മാധ്യമങ്ങളുടെ സ്വാധീനം

മാധ്യമങ്ങൾ സമൂഹത്തിലും വ്യക്തികളിലും ഒരേ രീതിയിൽ ചെലുത്തുന്ന സ്വാധീനവും ദുസ്വാധീനവും വർധിച്ചുവരുന്നു.സമൂഹത്തെ പുരോഗതിയിലേക്ക് നയിച്ചതിൽ ടെലിവിഷന്റെയും ഇന്റനെറ്റിന്റെയും പങ്ക് വളരെ വലുതാണ്.എന്നാൽ അതിന്റെ ദൂഷ്യവശങ്ങളുമുണ്ട്.നാം അറിയാതെ മാധ്യമങ്ങൾ നമ്മെ വിശ്വപൗരന്മാരും വിജ്ഞാനികളും ആക്കിതീർക്കുന്നു.വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും അനന്തസാധ്യതകളാണ് മാധ്യമങ്ങൾ നമുക്കു മുൻപിൽ തുറക്കുന്നത്.എന്നാൽ നാം അറിയാതെ തന്നെ ഒരുതരം അപരിചിതത്വത്തിലും അകൽചയിലും ദൃശ്യമാധ്യമങ്ങൾ നമ്മെ അകപ്പെടുത്തുന്നുമുണ്ട്.ടെലിവിഷന്റെയും ഇന്റർനെറ്റിന്റെയും ഏറ്റവും വലിയ വിലയായി കണക്കാക്കുന്നത് ഇതാണ്.അതുപോലെ കൗമാരമനസുകളെ ചഞ്ചലപ്പെടുത്തുകയും അവരുടെ പഠനത്തെ തടസപ്പെടുത്തുകയും ചെയ്യുന്ന പല പരിപാടികളും ദൃശ്യങ്ങളും നെറ്റിലൂടെയും ടെലിവിഷനിലൂടെയും എത്തുന്നു.ഇതെല്ലാം അതിന്റെ ചില ദൂഷ്യവശങ്ങളാണ്.

വിജ്ഞാനത്തിന്റെയും വിനോദത്തിന്റയും അതിരില്ലാത്ത സാധ്യതകൾ തുറന്നിടുന്ന മാധ്യമമാണ് ടെലിവിഷൻ. വർത്തമാനകാലജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്ന ടെലിവിഷന്റെ ഗുണദോഷങ്ങളെ പറ്റി

ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ട്.

ടെലിവിഷന്റെ പ്രചാരം വർധിക്കുന്നതനുസരിച്ച് അത് സമൂഹത്തിലും വ്യക്തികളിലും ചെലുത്തുന്ന സ്വാധീനവും ദുസ്വാധീനവും ഏറിവരുന്നു.വിജ്ഞാനവും വിനോദവും പകർന്നു തരുന്ന ധാരാളം പരിപാടികൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്നുണ്ട്.നമ്മുടെ ലോകത്തിനെ പരിയപ്പെടുത്തുന്നതും വിപുലപ്പെടുത്തുന്നതും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതും കലാകായിക വിഷയവുമായി ബന്ധപ്പെട്ടതുമായ പരിപാടികൾ അതിൽപ്പെടുന്നു.നമ്മുടെ സംസ്കാരത്തെയും മൂല്യബോധത്തെയും ഊട്ടിയുറപ്പിക്കുന്നതിന് ഇത് സഹായിക്കുന്നു.അതുപോലെ നാം അറിയാതെ തന്നെ നമ്മെ വിശ്വപൗരന്മാരും വിജ്ഞാനികളുമാക്കിത്തീർക്കുന്നുണ്ട് മാധ്യമങ്ങൾ.ആഭിമുഖ്യവും മനോഭാവവും സമീപനവും ചിട്ടപ്പെടുത്തുന്ന മാധ്യമമാണ് ടെലിവിഷനും ഇന്റർനെറ്റുമെല്ലാം.എന്നാൽ കുട്ടികളുടെ മനസ്സിനെ ചഞ്ചലപ്പെടുത്തുകയും പഠനത്തെ തടസപ്പെടുത്തുകയും കുടുംബാന്തരീക്ഷത്തെ മലിനപ്പെടുത്തുന്നതുമായ പലകാര്യങ്ങളും ഇന്റർനെറ്റിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും ഇന്ന് പ്രചരിക്കുന്നുണ്ട്.കുടുംബാംഗങ്ങൾ എല്ലാം പരിസരം മറന്ന് ടെലിവിഷൻ പരിപാടി സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രവണതയും ഏറിവരുന്നു.ഇത് കുടുംബബന്ധങ്ങളിൽ പോലും വിള്ളൽ വരുത്തുന്നു.

അതുപോലെ തന്നെ ടെലിവിഷനുകളിലെ ചില പരിപാടികളിൽ അക്രമവാസന പ്രോത്സാഹിപ്പിക്കുന്നവയാണ്.അതുപോലെ ടി.വി പരിപാടികളിലെ വേഷവും ഭാഷയുമൊക്കെ അനുകരിക്കാനുള്ള പ്രവണതയും കണ്ടുവരുന്നു.ഇത് നമ്മുടെ സംസ്കാരത്തിനും ഇണങ്ങുന്നതല്ല.അതുപോലെ ടി.വി പരിപാടികൾ കാണുന്നതിനുവേണ്ടി പലരും ദിനചര്യകൾപോലും മാറ്റം വരുത്തുന്നു.പുതിയ ആകാശം പഴയ ഭൂമി എന്ന സെബാസ്റ്റ്യൻപോൾ എഴുതിയ ലേഖനത്തിൽ മനുഷ്യ ജീവിതത്തെ പുതിയൊരു സാമ്പത്തിക വ്യവസ്ഥിതി ഉണ്ടാക്കുന്ന വിപ്ലവത്തെയാണ് നമുക്ക് കാണിച്ചുതരുന്നത്.സെബാസ്റ്റ്യൻപോൾ വിവരിക്കുന്നത് പത്രമാധ്യങ്ങമൾക്കുംദൃശ്യമാധ്യമങ്ങൾക്കും മനുഷ്യജീവിതത്തെ നവീകരിക്കുന്നതിനുള്ള പങ്കിനെ പറ്റിയാണ്.പത്രമാധ്യമം രംഗത്തെത്തിയ കാലത്ത് ആ പുതുമയോട് എതിർപ്പുള്ള പലയഥാസ്ഥിതികളുമുണ്ടായിരുന്നു.എന്നാൽ ഇന്ന് പത്രങ്ങൾ ഇല്ലാത്തലോകത്ത് ജീവിക്കാനാവില്ല എന്ന വീക്ഷണത്തിലേക്ക് എല്ലാവരും എത്തിചേർന്നിരിക്കുന്നു. അതുപോലെ തന്നെ ദൃശ്യമാധ്യമത്തെ പറ്റി

എതിരഭിപ്രായമുള്ളവരുണ്ടെങ്കിലും,അത് മനുഷ്യജീവിതത്തിൽ ഇരുപ്പുറപ്പിക്കാൻ തന്നെയാണ് വന്നിരിക്കുന്നത്.

കുടുംബാന്തരീക്ഷത്തിൽ ടെലിവിഷന്റെ ബന്ധം മൂലം ബന്ധങ്ങൾ ഉലയുന്നു, എന്ന് തോന്നാം.ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാനും,സംസാരിക്കാനും പ്രാർത്ഥിക്കാനുമുള്ള നേരത്ത് ഇപ്പോൾ പശുകുട്ടിയപോലെ ടി.വിയുടെമുന്നിൽ ഇരിക്കുകയാണ്.ടി.വി നാം അറിയാതെ നമ്മെ വിശ്വപൗരന്മാരും വിജ്ഞാനികളുമാക്കിതീർക്കുന്നുണ്ട.സിനിമ,ടിവിഇന്റർനെറ്റ്മുതലായദൃശ്യമാധ്യമങ്ങൾ നമ്മെ നവീകരിച്ചുകൊണ്ടിരിക്കുന്നു.



ഐമ സന്തോഷ്

5 B

# എന്റെ സെന്റ് ജോർജ്ജ്

ജീവിതം എന്ന നീണ്ട യാത്രയിൽ സന്തോഷത്തിന്റേയും അഹ്ലാദത്തിന്റേയും പര്യായമായി ഏതൊരു കുട്ടിക്കും പറയാൻ കഴിയുന്ന വിദ്യാലയ വർഷങ്ങൾ......................ഒരു സെക്കന്റ് ഹോം എന്നതിനപ്പുറം എന്റെ വീട് എന്ന് പലപ്പോഴും മനസിൽ തോന്നിയ എന്റെ വിദ്ധ്യാലയം'------------ വിദ്യ മാത്രം നൽകുന്ന ഒരു ആലയമല്ലിത്. ഒരുവന്റെ സമഗ്ര വികാസത്തിന് സഹായിക്കുന്ന ഒരു വേദി കൂടിയാണിവിടം.ഇവിടെ അദ്ധ്യാപകരും കൂട്ടുകാരുമടങ്ങുന്ന ഒരു വലിയ കൂട്ടം.നല്ല പാഠങ്ങൾ പകർന്നു തന്ന് അന്ധകാരത്തിൽ നിന്നും കൈ പിടിച്ചുയർത്തുന്ന, എന്നും സ്നേഹപൂർവ്വം ഓർക്കാൻ കഴിയുന്ന, ഒരു കൂട്ടം നല്ല അദ്ധ്യാപകരേയും ഈ വീട് എനിക്ക് സമ്മാനിച്ചു.ഗുരുക്കന്മാർ എന്നതിലുപരി മാതാപിതാക്കളെ പോലെകൂടെനിൽക്കുന്നവർ.ഏതവസ്ഥയിലുംകൂടെ നിന്ന്സന്തോഷം പകർന്ന് തരുന്ന സുഹൃത്തുക്കളാണ്
ഈ വീടിനെ ജീവനുള്ളതാക്കുന്നത്.
സൗഹൃദത്തിന്റെ പൂമ്പാറ്റകൾ പാറി നടക്കുന്ന കൂട്ടുകാരുടെ ഒരു പൂന്തോട്ടം തന്നെയാണ് എന്റെ സെന്റ് ജോർജ്ജ്.

ആരും പഠിപ്പിച്ച് തരേണ്ട ഒന്നല്ല എന്റെ സെന്റ് ജോർജ്ജ്.കുട്ടികൾ ഓടി നടക്കുന്ന വരാന്തകളും, വിത്യസ്തമായ കാഴ്ചകൾ നൽകുന്ന ജനലഴികളും, കളിച്ച് തിമർക്കുന്ന കളിസ്ഥലവും, അസംബ്ളിക്കായ് ഒന്നിക്കുന്ന മുറ്റവും എന്നുംഈശ്വര ചിന്ത ഉണർത്തുന്ന കുരിശിൻതൊട്ടിയും- - - - -സെന്റ്ജോർജിനെക്കുറിച്ചുള്ളമധുരസ്മരണകളിൽ ചിലതു മാത്രം. ഒരുസെന്റ്ജോർജ് കുടുംബാംഗമാണെന്ന്അഭിമാനിക്കാവുന്ന നിമിഷങ്ങൾ എന്നെപ്പോലെ ഇവിടുത്തെ ഓരോ കുടുംബാഗത്തിനുംഉണ്ടാകുമെന്നതിൽ സംശയമില്ല

## കൂട്ടുകാർക്ക് തണലൊരുക്കി....



സ്വപ്ന സാഫല്യം ഭവനപദ്ധതി

# അദ്ധ്യാപകന്റെ ഹൃദയത്തിലാണ് കുട്ടി




## കുടുംബ പി.ടി.എ

# സാന്ത്വനമേകി
# വേദനിക്കുന്നവർക്കൊപ്പം ..........



പാലിയേറ്റിവ് ദിനം

# ചുറ്റുവട്ടത്തെ പുൽനാമ്പും
# അമൃതാണെന്നറിഞ്ഞ്




## കർക്കിടക മാസാചരണം


Art By
Jincy. Lajan
A B


മനസ്സിന്റെ ശീതീകരണിയിൽ മരവിച്ച്
പോകാതെ അക്ഷരങ്ങളുടെ ജ്വാല
ഞങ്ങളിലേക്ക്പടർത്തിയ സുമനസ്സുകൾക്ക്
ഹൃദയത്തിന്റെ ഭാഷയിൽ........
നന്ദി........